www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030

# ആരാധനക്രമ വർഷം

2025 സെപ്റ്റംബർ 20 - 2026 സെപ്റ്റംബർ 19

"ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക"
(യോഹ. 4:23)

## പഠനരേഖയും കർമ്മപദ്ധതിയും

(Lineamenta and Instrumentum Laboris)

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ
**പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030**

# ആരാധനക്രമ വർഷം

## 2025 സെപ്റ്റംബർ 20 – 2026 സെപ്റ്റംബർ 19

**"ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക"**
**(യോഹ 4:23)**

## പഠനരേഖയും കർമ്മപദ്ധതിയും
(Lineamenta and Instrumentum Laboris)

**കാതോലിക്കേറ്റ് സെന്റർ**
**പട്ടം, തിരുവനന്തപുരം – 695 004, കേരള**

www.malankaralibrary.com

Imprimatur:

✠ **Moran Mor Baselios Cardinal Cleemis**
Major Archbishop-Catholicos
of the Syro-Malankara Catholic Church

**THE YEAR OF LITURGY**
Guideline and Action Plan
(Lineamenta and Instrumentum Laboris)

*Prepared by:*
The Commission for the Year of Liturgy

*Published by:*
Major Archiepiscopal Curia
Catholicate Centre
Trivandrum - 695 004, Kerala.

*Published on:*
19 September 2025

*Printed at:*
St. Mary's Press, Pattom
Trivandrum. Ph: 0471-2446116

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC**
**MAJOR ARCHIEPISCOPAL CHURCH**

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Tel: +91 471 2541331
Official E-mail: catholicostvm@gmail.com

15-09-2025

**സന്ദേശം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030-ൽ പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷിക്കാനൊരുങ്ങുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 28-ാം സാധാരണ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 2024 സെപ്റ്റംബർ 20 മുതൽ 2025 സെപ്റ്റംബർ 19 വരെ നമ്മുടെ സഭ വചനവർഷമായി ആചരിച്ചു. 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെ ആരാധനക്രമ വർഷമായി ആചരിക്കാൻ സഭ തീരുമാനിച്ചിരിക്കുകയാണ്. പത്തനംതിട്ട ഭദ്രാസനത്തിൽ 2025 സെപ്റ്റംബർ 20 ന് നടക്കുന്ന 95-ാമത് പുനരൈക്യ ആഘോഷ വേദിയിൽ വച്ച് ആരാധനക്രമവർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

ഈ വർഷത്തെ മുഖ്യ പ്രമേയം "ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക" (യോഹ 4:23) എന്നതാണ്. ആരാധനയിൽ പൂർണവും, ബോധപൂർവ്വവും, സജീവവുമായ പങ്കാളിത്തത്തിനുള്ള പരിശീലനം വിശ്വാസികൾക്കു നൽകുന്നതോടൊപ്പം ആരാധനാനുഭവത്തിലേയ്ക്ക് വിശ്വാസികളെ ആനയിക്കുക എന്നതും ഈ വർഷാചരണത്തിന്റെ ലക്ഷ്യമാണ്. കൂദാശകൾ, യാമപ്രാർത്ഥനകൾ, മാറാനായ പെരുന്നാളുകൾ, നോമ്പ്, ഉപവാസം, വർജ്ജന മുതലായവയ്ക്ക് ഈ വർഷം സഭ ഊന്നൽ നൽകുന്നതാണ്.

നമ്മുടെ സഭയുടെ 29-ാമത് സാധാരണ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം ആരാധനക്രമ വർഷത്തിന്റെ പഠനരേഖയും കർമ്മപദ്ധതിയും തയ്യാറാക്കി സമർപ്പിക്കാൻ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവ് ചെയർമാനായും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ്, അഭിവന്ദ്യ അബ്രഹാം മാർ ജൂലിയോസ് പിതാവ് എന്നിവർ വൈസ് ചെയർമാന്മാരായും

www.malankaralibrary.com

അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് കോർഡിനേറ്ററായുമുള്ള ഒരു കേന്ദ്ര കമ്മിറ്റിയെ സുന്നഹദോസ് ഭരമേൽപിച്ചു. കേന്ദ്ര കമ്മിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പഠനരേഖയും കർമപദ്ധതിയും ആരാധനക്രമവർഷത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആരാധനക്രമ വർഷത്തിന്റെ ചുമതല ആരാധനയ്ക്കായുള്ള സിനഡൽ കമ്മീഷനായിരിക്കും. 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെയുള്ള ആരാധനക്രമവർഷത്തിൽ ഈ പഠനരേഖയും കർമപദ്ധതിയും ഇടവക, ജില്ലാ, ഭദ്രാസന തലത്തിൽ പഠനവിധേയമാക്കുകയും ചർച്ച ചെയ്യുകയും പ്രാവർത്തികമാക്കുകയും വേണം. 2025 സെപ്റ്റംബർ 20 നു നടക്കുന്ന ആരാധനക്രമവർഷത്തിന്റെ ഉദ്ഘാടനത്തിനുശേഷം റിസോഴ്സ് പേഴ്സൺസിനുള്ള പരിശീലന പരിപാടികൾ നടത്തപ്പെടേണ്ടതാണ്.

ഈ പഠനരേഖയുടെയും കർമ്മപദ്ധതിയുടെയും അടിസ്ഥാനത്തിലായിരിക്കും ആരാധനക്രമ വർഷത്തിലെ പരിശീലന പരിപാടികൾ ക്രമീകരിക്കുക. ആരാധനക്രമ വർഷത്തിലെ ഈ പരിശീലന പരിപാടികൾ ആരാധനയിൽ ആഴമായ അറിവും അനുഭവവും നേടാൻ വിശ്വാസികളെ സഹായിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ആരാധനക്രമ വർഷത്തിലെ സഭയുടെ നവീകരണത്തിനായുള്ള അവസരം പ്രയോജനപ്പെടുത്തണമെന്ന് എല്ലാ വന്ദ്യ പിതാക്കന്മാരേയും ബഹു. വൈദികരേയും, സന്യസ്തരേയും വിശ്വാസികളേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവം,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com

## ഉള്ളടക്കം

**ആമുഖം: ആരാധനക്രമ വർഷം**

**ആരാധനക്രമ വർഷ വിഷയം**

**അധ്യായം ഒന്ന്**

**അന്ത്യോക്യൻ ആരാധനക്രമവും മലങ്കര സഭയും**

1. സഭ നിലനിൽക്കുന്നത് ആരാധനയിലാണ്
2. ആരാധനയുടെ മൂന്ന് ലക്ഷ്യങ്ങൾ
3. ആരാധന - സഭയുടെ ജീവിതത്തിന്റെ ഉറവിടവും അത്യുച്ചിയും
4. ആരാധന - 'ദൈവിക പ്രവർത്തി'യിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ
5. ആരാധന - രക്ഷാകര രഹസ്യത്തിന്റെ ആഘോഷം
6. ആരാധനയും പ്രാർത്ഥനയും - ക്രിസ്തീയ ജീവിതത്തിന്റെ അവശ്യ ഘടകങ്ങൾ
7. ആരാധന - ദൈവ-മനുഷ്യ കണ്ടുമുട്ടൽ
8. ആരാധന - ആത്മീയ ജീവിതത്തിന്റെ 'സ്റ്റീയറിംഗ് വീൽ'
9. ആരാധന - ത്രിത്വൈക കൂട്ടായ്മയിലുള്ള പങ്കുചേരൽ
10. ആരാധന - ഭൂമിയിലെ സ്വർഗ്ഗീയ അനുഭവം
11. ആരാധന - ദൈവവുമായുള്ള വ്യക്തിപരമായ ബന്ധവും കണ്ടുമുട്ടലും
12. ആരാധന - വിശ്വാസത്തിന്റെ ആഘോഷവും വെളിപ്പെടുത്തലും
13. വിശ്വാസത്തിന്റെ വെളിപ്പെടുത്തൽ മലങ്കര ആരാധനക്രമത്തിൽ
14. ആരാധനയും വിശ്വാസസത്യങ്ങളും ആദ്ധ്യാത്മികതയും തമ്മിലുള്ള ബന്ധം
15. ആരാധനയുടെ നിയന്ത്രണവും അധികാരവും
16. ആരാധനയുടെ രഹസ്യാത്മകത
17. ആരാധനയിൽ പരിശുദ്ധാത്മാവിന്റെ പങ്ക്
18. ആരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം
19. ആരാധനയിൽ തിരുകർമ്മ സംഗീതത്തിന്റെ പ്രധാന്യം
20. തിരുക്കർമ്മ സംഗീതത്തിന്റെ പ്രാധാന്യം മലങ്കര ആരാധന ക്രമത്തിൽ

www.malankaralibrary.com

21. ആരാധനയിലെ പൂർണ്ണവും സജീവവും ബോധപൂർവ്വവുമായ പങ്കാളിത്തം
22. ആരാധനയിൽ സജീവമായി പങ്കുചേരുവാനുള്ള മാർഗ്ഗങ്ങൾ

## അദ്ധ്യായം രണ്ട്
## പൗരസ്ത്യ ആരാധനക്രമവും അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ സവിശേഷതകളും

1. പൗരസ്ത്യ കത്തോലിക്കാസഭയും ആരാധനാ പാരമ്പര്യങ്ങളും ആരാധനാ കുടുംബങ്ങളും
2. അന്ത്യോക്യൻ-പാശ്ചാത്യ സുറിയാനി-മലങ്കര ആരാധനക്രമത്തിന്റെ സവിശേഷതകൾ
3. ആരാധനാജീവിതം

## അധ്യായം മൂന്ന്

## കർമ്മപദ്ധതി

1. ആരാധനക്രമ വർഷം - ലക്ഷ്യം
2. കർമപദ്ധതിക്ക് അടിസ്ഥാനമായ വിഷയങ്ങൾ
3. കർമപദ്ധതി
4. പരിശീലന പരിപാടികൾ
5. ആരാധനക്രമ വർഷ ഉദ്ഘാടനം
6. വൈദികർക്കും സന്യസ്തർക്കും സെമിനാരി വിദ്യാർഥികൾക്കും പരിശീലനം
7. ഓൺലൈൻ പരിശീലനം
8. പ്രായോഗിക നിർദേശങ്ങൾ

www.malankaralibrary.com

## ആമുഖം

# ആരാധനക്രമവർഷം

1930 ൽ ധന്യൻ മാർ ഈവാനിയോസ് പിതാവിലൂടെ യാഥാർഥ്യമായ പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷങ്ങളിലേക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭ മുന്നേറിക്കൊണ്ടിരിക്കുകയാണല്ലോ. തുടർ വർഷങ്ങളിൽ ഒരു നവീകരണത്തിന് നമ്മുടെ സഭ ഒരുങ്ങുകയാണ്. 2024 സെപ്റ്റംബർ 20 ന് ഉദ്ഘാടനം ചെയ്യപ്പെട്ട വചനവർഷം 2025 സെപ്റ്റംബർ 19 ന് അവസാനിച്ചുവല്ലോ. അതേതുടർന്ന് സഭ 2025 സെപ്റ്റംബർ 20 നു ആരാധനക്രമവർഷം ഉദ്ഘാടനം ചെയ്തു. ആരാധനയുടെ ആഴങ്ങളിലേക്ക് വിശ്വാസികളെ ക്ഷണിക്കുന്ന ആരാധനക്രമവർഷം 2026 സെപ്റ്റംബർ 19 വരെ തുടരും.

മനുഷ്യസ്വഭാവത്തിന്റെ ഭാഗമാണ് ആരാധന. ആരാധന കേവലം ഒരു കടമയയല്ല. മറിച്ച്, സ്വാതന്ത്ര്യത്തിലേക്കുള്ള പാതയാണ്. കാരണം ദൈവം നമ്മെ ആരായിരിക്കാൻ സൃഷ്ടിച്ചുവോ അതാകുന്നത് ആരാധനയിലാണ്. ദൈവത്തോട് വിധേയപ്പെട്ടുകൊണ്ട് നാം നമ്മുടെ സ്വത്വവും ഈ ലോകത്തിലുള്ള ഇടവും കണ്ടെത്തുന്നു.

ക്രൈസ്തവമതം ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ അടിസ്ഥിതമാണ്. ദൈവം ലോകത്തെ രക്ഷിക്കാൻ യേശുക്രിസ്തുവിലൂടെ ലോകത്തിൽ അവതരിച്ചു (യോഹ 1:14). നാം ദൈവിക ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകയാൽ (ഉത്പ.1:31) നമ്മുടെ അന്തസ്സും മൂല്യവും ദൈവവുമായുള്ള ബന്ധത്തിലാണ് അടങ്ങിയിരിക്കുന്നത്. സഭ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ, ലോകത്തിലുള്ള നന്മയെ പുൽകിക്കൊണ്ടും, സുവിശേഷത്തിനെതിരായവയെ തടഞ്ഞുകൊണ്ടും സംസ്ക്കാരത്തെ ക്രിസ്തുവിൽ രൂപാന്തരീകരിച്ചുകൊണ്ടും ലോകത്തിലിടപെടുന്നു.

ബൈബിളിന്റെ വെളിച്ചത്തിൽ "ഇതാ ഞാൻ" എന്നു പറഞ്ഞ് പ്രത്യുത്തരിച്ച അബ്രഹാമിന്റെ പ്രത്യുത്തരം പോലെയുള്ള, ദൈവത്തോടുള്ള തുറവിയിലാണ് യഥാർത്ഥ വിശ്വാസം പ്രകടമാകുന്നത്. ക്രിസ്തീയജീവിതം സ്വന്തമായി ആരും നേടുന്നതല്ല, വിളിക്കുകയും അയയ്ക്കുകയും ചെയ്യുന്ന ദൈവത്തോടുള്ള പ്രത്യുത്തരമാണ്. ഈ

www.malankaralibrary.com

ലോകത്തിൽ ആരാധിക്കുക എന്നതാണ് നമ്മുടെ കടമ. ആരാധനയെ "ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയും" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത് അർഥവത്താണ്.

വേണമെങ്കിൽ തിരഞ്ഞെടുക്കാവുന്ന ഒന്നല്ല സഭ – അത് ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തു തന്റെ ശരീരത്തിലൂടെ അറിയപ്പെടുന്നതു പോലെ രക്ഷ സംഭവിക്കുന്നതും സഭയിലൂടെയാണ്. "എന്തിനു നീ എന്നെ പീഡിപ്പിക്കുന്നു?" (അപ്പ.പ്ര. 9;4) എന്ന ചോദ്യത്തിലൂടെ ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ച് പൗലോസ്ശ്ലീഹായ്ക്ക് യേശുവിന്റെ ശരീരമാണ് സഭ എന്ന സത്യം വെളിപ്പെടുത്തപ്പെട്ടു.

നൂറ്റാണ്ടുകളിലൂടെ രൂപീകരിക്കപ്പെട്ട ആരാധനാ പാരമ്പര്യം സാർവത്രിക സഭയുടെ പൊതു സ്വത്താണ്. അവ ക്രിസ്തുവിന്റ രക്ഷാകര രഹസ്യത്തിന്റെ ഓർമ മാത്രമല്ല, പിന്നെയോ ആഘോഷമാണ്. പ്രതീകങ്ങളിലൂടെയും, ഗാനങ്ങളിലൂടെയും, ആചാരങ്ങളിലൂടെയും ആരാധനയിലൂടെയും ദൗത്യങ്ങളിലൂടെയും ഒരു സമൂഹമായി വിശ്വാസികൾ രൂപീകരിക്കപ്പെടുന്നു. ആരാധനയിലുള്ള സജീവ പങ്കാളിത്തം നമ്മെ അകത്തുനിന്നും പുറത്തുനിന്നും രൂപാന്തരീകരിക്കുകയും ദൈവത്തിന്റെ സാക്ഷികളായി ലോകത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ആരാധനയും ദൗത്യവും ഒരുമിച്ചു പോകുന്ന യാഥാർഥ്യങ്ങളാണ്. ഓരോ പരിശുദ്ധ കുർബാനയും കുടുംബങ്ങളിലും ജോലിസ്ഥലങ്ങളിലും സമൂഹത്തിലും നമ്മുടെ വിശ്വാസം ജീവിക്കാൻ നമ്മെ ശക്തിപ്പെടുത്തുന്നു.

നമുക്ക് ആരാധനയിൽനിന്ന് എന്ത് ലഭിക്കുന്നു എന്നതിലുപരി പരമ പരിശുദ്ധനും അപരിമേയനുമായ ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ് ആരാധനയുടെ പ്രാഥമികോദ്ദേശ്യം. നാം ആരാധനക്രമത്തെ രൂപീകരിക്കുകയല്ല, ആരാധനക്രമം നമ്മെ രൂപീകരിക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ റീത്ത് ആചാരങ്ങളും സൗന്ദര്യവും അർഥവും സമഞ്ജസമായി കോർത്തിണക്കുന്നു. ആരാധനക്രമത്തിലെ ആവർത്തനം ശൂന്യതയല്ല, ആചാരപരമായ ജീവിത്തിന്റെ തന്നെ ഭാഗമാണ്, നമ്മെ അത് ഒരേ വിശ്വാസത്തിൽ പങ്കാളികളാക്കുന്നു. ചരിത്രത്താലും സംസ്കാരത്താലും രൂപീകരിക്കപ്പെട്ട സഭയുടെ വ്യക്തിത്വത്തിന്റെ തനതായ പ്രകടനമാണ് ഓരോ സഭയുടെയും ആരാധനക്രമം. ഭാഷയ്ക്ക് അതിന്റെ

www.malankaralibrary.com

വ്യാകരണം എന്നപോലെ ആരാധനക്രമം സഭയുടെ സമഗ്രത നില നിർത്തുന്നു. നമ്മുടെ റീത്ത് നമ്മുടെ വ്യക്തിത്വമാണ്, അതില്ലെങ്കിൽ നമ്മുടെ വ്യതിരിക്തത നാം നഷ്ടമാക്കുന്നു. ആരാധനക്രമത്തെക്കുറിച്ചുള്ള ആഴമായ അറിവിലേക്കും ആരാധനയിലുള്ള അനുഭവത്തിലേക്കും വിശ്വാസികളെ നയിക്കുക എന്നതാണ് ഈ ആരാധനക്രമ വർഷത്തിന്റെ ലക്ഷ്യം. ആരാധനയുടെ യഥാർത്ഥ ചൈതന്യത്തിലേക്ക് വിശ്വാസികളെ നയിക്കാൻ സഭ ആഗ്രഹിക്കുന്നു. ആരാധന വെറും ആചാരമാകാതെ ദൈവവുമായുള്ള സജീവമായ കണ്ടുമുട്ടലാകുവാൻ സഭ ലക്ഷ്യം വയ്ക്കുന്നു.

ചുരുക്കത്തിൽ ഈ ആരാധനക്രമ വർഷത്തിൽ യാമപ്രാർഥനകൾ, മാറാനായ പെരുന്നാളുകൾ, നോമ്പ്, ഉപവാസം, വർജ്ജന എന്നിവയിലൂടെ വിശ്വാസികൾക്ക് ഗാഢമായ യേശുഅനുഭവം നൽകാൻ സഭ ആഗ്രഹിക്കുന്നു. അതുപോലെ, പരിശീലന പരിപാടികളിലൂടെയും പഠനങ്ങളിലൂടെയും ആരാധനക്രമത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചും കൂടുതൽ വ്യക്തമായ അറിവു നൽകാനും സഭ ഉദ്ദേശിക്കുന്നു. അടിസ്ഥാനപരമായ ചില തത്വങ്ങൾ മാത്രം പഠനരേഖയിലൂടെയും കർമ്മ പദ്ധതിയിലൂടെയും അവതരിപ്പിക്കുന്നു. മതബോധനപരമായ മറ്റു വിഷയങ്ങൾ, പ്രത്യേകിച്ച് കൂദാശകളെക്കുറിച്ച്, ലഘു ലേഖകളിലൂടെ നൽകുന്നതാണ്. ഈ പഠനരേഖയുടെ ഭാഗമായി കർമപദ്ധതിയും (Instrumentum Laboris) ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനരൈക്യ ശതാബ്ദി ആഘോഷിക്കുമ്പോൾ മലങ്കര കത്തോലിക്കർ എന്ന നിലയിൽ നമ്മുടെ ഐക്യം നവീകരിക്കാൻ നാം വിളിക്കപ്പെടുകയാണ്. ഒരുക്കമെന്ന നിലയിൽ വരുംവർഷങ്ങൾ വിവിധ വിഷയങ്ങൾകൊണ്ട് അടയാളപ്പെടുത്തുകയാണ്. കഴിഞ്ഞ വർഷം നാം വചനവർഷമായി ആചരിച്ചു, ഈ വർഷം കർത്താവിനെ പൂർണതയിൽ നമുക്ക് വെളിപ്പെടുത്തുന്ന ആരാധനയിലേക്കു തിരിയുകയാണ്. നമ്മുടെ വേരുകൾ ആഴപ്പെടുത്തിക്കൊണ്ടും പക്വതയിൽ വളർന്നുകൊണ്ടും കൂട്ടായ്മ ശക്തിപ്പെടുത്തിക്കൊണ്ടും നമുക്കു നൽകപ്പെട്ട ഐക്യം എന്ന ദൗത്യം തുടരാം. നമ്മുടെ ആരാധനക്രമത്തെ അംഗീകരിക്കുകയും സുന്നഹദോസിന്റെ മാർഗ്ഗ നിർദ്ദേശങ്ങളോട് വിശ്വസ്തത പുലർത്തുകയും ചെയ്യാം. ഐക്യത്തിലും കൂട്ടായ്മയിലും ആയിരിക്കുക എന്നതാണ് നമ്മുടെ ആദർശം, ആരാധനക്രമം നമ്മെ യോജി

www.malankaralibrary.com

പ്പിക്കുന്നു, ഐക്യപ്പെടുത്തുന്നു. ഈ ആരാധനക്രമവർഷത്തിലൂടെ വിശ്വാസികൾ ദൈവിക രഹസ്യങ്ങളെക്കുറിച്ച് ആഴമായ അറിവിലേക്കും അനുഭവ സമ്പന്നതയിലേക്കും വരാനും സജീവനായ ദൈവത്തെ ആരാധിക്കുന്നതിലൂടെ വിശുദ്ധിയിലേക്ക് വളരാനും സാധിക്കുമെന്ന് പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഈ ആരാധനക്രമ വർഷം ഏവർക്കും ആത്മീയ നവീകരണത്തിനുള്ള അവസരമായിത്തീരട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഈ പഠന രേഖയും കർമ്മപദ്ധതിയും ആരാധനക്രമവർഷ ശുശ്രൂഷകളെ ബലപ്പെടുത്തട്ടെ എന്ന് ആശംസിക്കുന്നു.

**+ തോമസ് മാർ കൂറിലോസ്**
തിരുവല്ല അതിഭദ്രാസന മെത്രാപ്പോലിത്ത
ചെയർമാൻ - ആരാധനക്രമ വർഷം

www.malankaralibrary.com

# ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക

യോഹന്നാൻ 4:23 – 24

യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു, അല്ലാ, അത് ഇപ്പോൾ തന്നെയാണ്; യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്. (യോഹന്നാൻ 4:23–24).

യോഹന്നാൻ 4:23, സുവിശേഷ വിവരണത്തിലെ ഒരു നിർണ്ണായക നിമിഷമായി നിലകൊള്ളുന്നു. യാക്കോബിന്റെ കിണറ്റിൽ സമരിയാക്കാരി സ്ത്രീയോട് ക്രിസ്തു പറഞ്ഞ ഈ വാക്കുകൾ, ശരിയായ ആരാധനാ സ്ഥലത്തെക്കുറിച്ചുള്ള ജൂതസമര്യ ചർച്ചയെ മറികടക്കുന്നു. അവ രക്ഷാകരചരിത്രത്തിലെ ഒരു പുതിയ യുഗത്തെ അനാവരണം ചെയ്യുന്നു: ദൈവാരാധന ഇനി ജറുസലേമിലേക്കോ ഗെരിസിമിലേക്കോ ബന്ധിതമല്ല, മറിച്ച് "ആത്മാവിലും സത്യത്തിലും" അർപ്പിക്കപ്പെടുന്നു. കിഴക്കും പടിഞ്ഞാറും ഉള്ള സഭാപിതാക്കന്മാർ ഈ വാക്യം ആചാരപരമായ ഭൂമിശാസ്ത്രത്തിന്റെ ഒരു മാറ്റമായിട്ടല്ല, മറിച്ച് ആത്മാവിന്റെ യുഗത്തിൽ ദൈവവുമായുള്ള ഒരു പുതിയ കൂട്ടായ്മയുടെ അനാച്ഛാദനമായിട്ടാണ് വായിച്ചത്.

സമരിയാക്കാരി സ്ത്രീ ദീർഘകാലമായി നിലനിൽക്കുന്ന തർക്കം സംഭാഷണ മധ്യേ ഉയർത്തുന്നു: യഹൂദന്മാർ ജറുസലേമിലും സമരിയാക്കാർ ഗെരിസിം പർവ്വതത്തിലും ആരാധിക്കുന്നു. എന്നാൽ ക്രിസ്തു അവളെ ബാഹ്യമായ വിവാദങ്ങളിൽ നിന്ന് ആന്തരിക യാഥാർത്ഥ്യത്തിലേക്ക് തിരിച്ചുവിടുന്നു: പിതാവിന് സ്വീകാര്യമായ ആരാധന ആത്മീയ യാഥാർത്ഥ്യത്തിലും സത്യത്തിലും വേരൂന്നിയതാണ്, ഭൗതിക സ്ഥാനത്ത് മാത്രം ഒതുങ്ങുന്നില്ല. വിശുദ്ധ ജോൺ ക്രിസോസ്റ്റം ഈ മാറ്റത്തെ ഊന്നിപ്പറയുന്നത് ഇപ്രകാരമാണ് "ജഡികകാര്യങ്ങൾക്കുള്ള സമയം കഴിഞ്ഞുവെന്നും ഇനി മുതൽ എല്ലാം ആത്മീയമായിരിക്കണമെന്നും നമ്മുടെ കർത്താവ് കാണിക്കുന്നു.

www.malankaralibrary.com

പഴയ കാര്യങ്ങൾ അവസാനിച്ചു, മുൻമാതൃകൾ നീക്കം ചെയ്യപ്പെട്ടു; ഇപ്പോൾ പുതിയ ഉടമ്പടിയുടെ സമയമാണ്" (*Homilies on John*, 33.1). സമയം എന്നത് മിശിഹായുടെ വരവിനെയും അവന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും ദൈവരാജ്യത്തിന്റെ ഉദ്ഘാടനത്തെയും സൂചിപ്പിക്കുന്നു. അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിലിന്റെ അഭിപ്രായത്തിൽ, വിശ്വാസികളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് പകരപ്പെടുന്ന സമയം ഇതാണ്: മണിക്കൂർ എന്നതുകൊണ്ട് അവൻ തന്റെ വരവിന്റെ സമയത്തെയാണ് സൂചിപ്പിക്കുന്നത്, ആത്മാവിലൂടെ ദൈവാരാധന നിഴലിലോ മാതൃകയിലോ അല്ല, സത്യത്തിലായിരിക്കും. (*Commentary on John*, Book 2). പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം, "ഇപ്പോൾതന്നെയാണ്" എന്ന വാചകം ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ രാജ്യം ആരംഭിച്ചുകഴിഞ്ഞു എന്നാണ് സൂചിപ്പിക്കുന്നത്. ആത്മാവിലുള്ള ആരാധന ഭാവിയിലെ ഒരു ആദർശമല്ല, മറിച്ച് വിശ്വസ്തർക്കുള്ള ഒരു സമ്മാനമാണ്.

പിതാക്കന്മാർ ആത്മാവിനെ രണ്ട് പ്രധാന രീതികളിൽ വ്യാഖ്യാനിക്കുന്നു:

1. കൃപയാൽ പുതുക്കപ്പെട്ട മനുഷ്യാത്മാവ് – ആരാധന ഇനി വെറും ബാഹ്യമായ ആചാരമല്ല, മറിച്ച് ആത്മാവിന്റെ ആഴങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നതാണ്.
2. ആരാധനയുടെ ഉറവിടമായി പരിശുദ്ധാത്മാവ് – ക്രിസ്തുവിലൂടെ നൽകപ്പെട്ട ആത്മാവിനാൽ യഥാർത്ഥ ആരാധന ശക്തമാക്കപ്പെടുന്നു.

വിശുദ്ധ ബേസിൽ ദി ഗ്രേറ്റ് ഇതിനെ ആത്മാവിന്റെ അധിവാസവുമായി ബന്ധിപ്പിക്കുന്നു: ആത്മാവിലുള്ള ആരാധന അക്ഷരത്തിന്റെ പഴക്കം കൊണ്ടല്ല, മറിച്ച് ദൈവത്തെ ശരിയായി സ്തുതിക്കുന്നതിനായി ഹൃദയത്തെ രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ ജീവൻ നൽകുന്ന കൃപയാൽ നിർവ്വഹിക്കപ്പെടുന്നു. (*On the Holy Spirit*, 26.62). പിതാക്കന്മാരെ സംബന്ധിച്ചിടത്തോളം, സത്യം എന്നത് "ഞാൻ വഴിയും സത്യവും ജീവനും ആകുന്നു", (യോഹന്നാൻ 14:6) എന്ന് വെളിപ്പെടുത്തിയ ക്രിസ്തുവിനെത്തന്നെയാണ് സൂചിപ്പിക്കുന്നത്. കൂടാതെ പഴയ ഉടമ്പടിയുടെ നിഴലുകൾക്ക് ഉപരിയായ ദൈവത്തിന്റെ

www.malankaralibrary.com

പൂർണ്ണമായ വെളിപ്പെടുത്തലിനെയും. ഒരിജൻ വിശദീകരിക്കുന്നു: സത്യത്തിൽ ആരാധിക്കുക എന്നാൽ സത്യമായ ക്രിസ്തുവിലൂടെ ആരാധിക്കുക, അഥവാ ന്യായപ്രമാണത്തിൽ മുൻനിഴലാക്കിയ യാഥാർഥ്യത്തിനനുസൃതമായി ആരാധന നടത്തുക എന്നതാണ്. (*Commentary on John*, Book 13)

പൗരസ്ത്യ ആരാധനാക്രമ പ്രാർത്ഥനകളിൽ, ഈ ധാരണ പ്രതി ധ്വനിക്കുന്നു: എല്ലാ ആരാധനക്രമങ്ങളിലും ക്രിസ്തുവിനെ "സത്യ ദൈവമായും എല്ലാ പ്രവചനങ്ങളുടെയും പൂർത്തീകരണമായും" പ്രഖ്യാപിക്കുന്നു. പിതാവ് അത്തരം ആരാധകരെ അന്വേഷിക്കുന്നു എന്ന ഈ വാക്യം പിതാക്കന്മാരെ അത്ഭുതപ്പെടുത്തി. ദൈവം സ്വയം പര്യാപ്തനാണ്, പക്ഷേ അവൻ ആരാധകരെ 'അന്വേഷിക്കുന്നു' ആവശ്യം കൊണ്ടല്ല, മറിച്ച് സ്നേഹം കൊണ്ടാണ്. വിശുദ്ധ അത്തനാസിയോസ് ഇങ്ങനെ ചിന്തിക്കുന്നു: "ദൈവം ദത്തെടുക്കൽ വഴി തനിക്ക് അവകാശപ്പെട്ടവരെ അന്വേഷിക്കുന്നു, അവർക്ക് നൽകപ്പെട്ട ആത്മാവിൽ ആരാധിക്കുന്നു, കാരണം അത്തരം ആരാധകർ പുത്രനെ പ്രതിഫലിപ്പി ക്കുകയും പിതാവിനെ പ്രസാദിപ്പിക്കുകയും ചെയ്യുന്നു" (*Against the Heathen*, 11). ഇവിടെ, ആരാധന വെറുമൊരു കടമയല്ല, മറിച്ച് അടുപ്പത്തിന്റെ ഒരു ബന്ധമാണ്. പിതാവിന്റെ 'അന്വേഷണം' പുത്രന്റെ താഴ്മയും, മനുഷ്യരാശിയെ സ്നേഹകൂട്ടായ്മയിലേക്ക് ആകർഷി ക്കാനുള്ള പിതാവിന്റെ ആഗ്രഹവും വെളിപ്പെടുത്തുന്നു.

പൗരസ്ത്യ ആരാധനയിൽ, ഈ വാക്യം ആരാധനക്രമത്തെ നിരസിക്കുന്ന ഒന്നായിട്ടല്ല, മറിച്ച് അതിന്റെ രൂപാന്തരീകരണമായിട്ടാണ് മനസ്സിലാ ക്കുന്നത്. ആരാധനക്രമത്തിലൂടെ നാം നടത്തുന്നത് 'ആത്മാവിലും സത്യത്തിലും' ആരാധനയുടെ പരമോന്നത പ്രകടനമാണ്. കാരണം അത് ആത്മീയമാണ് (പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തപ്പെട്ടത്) സത്യസന്ധമാണ് (ക്രിസ്തുവിനെ കേന്ദ്രീകരിച്ച്, സത്യം). വിശുദ്ധ ബസേലിയോസ് എഴുതിയ അന്നാഫുറയിലെ വാക്കുകൾ ഇത് പ്രതി ധ്വനിപ്പിക്കുന്നു: "നീ ഞങ്ങളെ ഇല്ലായ്മയിൽ നിന്ന് അസ്തിത്വത്തി ലേയ്ക്ക് കൊണ്ടുവന്നു... ഞങ്ങൾ വീണുപോയപ്പോൾ, നീ ഞങ്ങളെ വീണ്ടും ഉയിർപ്പിച്ചു, ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുവന്ന് വരാനിരിക്കുന്ന നിന്റെ രാജ്യം ഞങ്ങൾക്ക് നൽകുന്നതുവരെ അത് അവസാനിക്കുന്നില്ല." സഭാപിതാക്കന്മാർ കുർബാനയെ പിതാവിനുള്ള

www.malankaralibrary.com

പൂർണ്ണമായ ആരാധനയായി കാണുന്നു, കാരണം അവിടെ ക്രിസ്തു തന്നെയാണ് സത്യാത്മാവിലൂടെ തന്നെത്തന്നെ പിതാവിന് അർപ്പിക്കുന്നുത്.

**ഉപസംഹാരം**

യോഹന്നാൻ 4:23-24, സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചതുപോലെ, സത്യാരാധന സ്ഥലമോ ആചാരമോ കൊണ്ട് മാത്രം ബന്ധിതമല്ല, മറിച്ച് പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെടുകയും ക്രിസ്തുവാകുന്ന സത്യത്തിൽ അടിസ്ഥാനപ്പെടുത്തുകയും ചെയ്യുന്നുവെന്ന് വെളിപ്പെടുത്തുന്നു. ഈ ആരാധനയിലൂടെ മനുഷ്യവംശത്തെ തന്റെ കൂട്ടായ്മയിലേക്ക് അടുപ്പിക്കുക എന്നത് പിതാവിന്റെ ആഗ്രഹമാണ്. പൗരസ്ത്യ പാരമ്പര്യത്തിൽ, ഈ വാക്യം അതിന്റെ ഏറ്റവും ഉയർന്ന തലത്തിൽ കണ്ടെത്തുന്നത് പരി. കുർബാനയുടെ ആഘോഷത്തിലാണ്, അവിടെ ആകാശവും ഭൂമിയും സംഗമിക്കുന്നു, സഭ ആത്മാവിലും സത്യത്തിലും സ്തുതി അർപ്പിക്കുന്ന 'സത്യാരാധകരുടെ' ഒരു കൂട്ടായ്മയായി മാറുന്നു.

www.malankaralibrary.com

## അധ്യായം ഒന്ന്

# അന്ത്യോക്യൻ ആരാധനക്രമവും മലങ്കര സഭയും

**ആമുഖം**

ആരാധനക്രമത്തിന് ഇംഗ്ലീഷിൽ liturgy എന്ന വാക്കാണ് ഉപയോഗിക്കുന്നത്. 'Leitourgia' എന്ന ഗ്രീക്കുഭാഷയിലെ രണ്ട് വാക്കുകളായ leitos (public), ergon (work) എന്നീ വാക്കുകളുടെ സംയോജനമാണ് leitourgia (public worship). മനുഷ്യരുടെ നന്മയ്ക്കും, ക്ഷേമത്തിനും, ഐശ്വര്യത്തിനുമായി നടത്തുന്ന ശുശ്രൂഷയാണ് ആരാധന. ക്രിസ്തീയ പശ്ചാത്തലത്തിൽ, ദൈവത്തിന് ആരാധന അർപിച്ച് അതിലൂടെ മനുഷ്യർ ശുദ്ധീകരിക്കപ്പെടുകയും ശക്തീകരിക്കപ്പെടുകയും ചെയ്യുന്നതിനെയാണ് ഈ വാക്കുകൊണ്ട് അർത്ഥമാക്കുക. 12–ാം പിയൂസ് മാർപാപ്പ ക്രിസ്തുവിനെയും അവിടുത്തെ രക്ഷാകര കർമ്മത്തെയും ബന്ധിപ്പിച്ചാണ് ആരാധനയെ നിർവ്വചിക്കുന്നത്: പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ, നിത്യപുരോഹിതനും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ ദൈവജനം ദൈവപിതാവിന് അർപ്പിക്കുന്നതാണ് ആരാധന. വീണ്ടും അദ്ദേഹം പറയുന്നു: "സഭയിൽ ആരാധനയിലൂടെ യേശുക്രിസ്തുവിന്റെ പൗരോഹിത്യധർമ്മം തുടർന്നുകൊണ്ടിരിക്കുന്നു" (Mediator Dei, no. 3). ഈ നിർവചനം ആരാധനയുടെ ദൈവശാസ്ത്രത്തെയും സ്വഭാവത്തെയും വെളിപ്പെടുത്തുന്നു.

സുറിയാനി സഭാപിതാക്കന്മാരായ നിസ്സീബിസിലെ മാർ അപ്രേം, സാറൂഗിലെ മാർ യാക്കോബ് എന്നിവർ ആരാധനയെ ആത്മീയ ജീവിതത്തിന്റെയും ദൈവികരഹസ്യങ്ങൾ മനസിലാക്കുന്നതിന്റെയും അവശ്യഘടകമായി ചിത്രീകരിക്കുന്നു. ആരാധന, ആഴമേറിയ ആത്മീയ അനുഭവത്തിലേക്ക് പ്രവേശിക്കുന്നതിന്റെയും, വിശ്വാസ രഹസ്യങ്ങളെ ധ്യാനിക്കുന്നതിന്റെയും ദൈവവുമായി അഗാധ ബന്ധം സ്ഥാപിക്കുന്നതിന്റെയും മാർഗമായാണ് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത്. ഓരോ കൂദാശയുടെയും വിശുദ്ധി വി. കുർബാനയിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്നും, വി. കുർബാനയിലും ആരാധനയിലുമാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ആഴമേറിയ ബന്ധത്തിന്റെയും ഐക്യത്തിന്റെയും പ്രതീകം വെളിപ്പെടുന്നതെന്നും മാർ അപ്രേം

www.malankaralibrary.com

പറയുന്നു (HVIRG. 37; CSCO 223-224/Scr.Syr.94-95, pp.133-135,115-118). മാർ അപ്രേമിന്റെ രചനകളിൽ പ്രാർത്ഥന നമ്മെ ആത്മീയ സൗഖ്യത്തിലേക്കും വിശുദ്ധീകരണത്തിലേക്കും എങ്ങനെയാണ് നയിക്കുന്നതെന്ന് സൂചിപ്പിക്കുന്നു. ആരാധനയിലെ പ്രാർത്ഥനകളിലൂടെ ദൈവജനം ദൈവിക കൃപ സ്വീകരിക്കുകയും, അവരുടെ ഉള്ളിൽ രൂപാന്തരം സംഭവിക്കുകയും ചെയ്യുന്നു. ആരാധന, ദൈവത്തെ കണ്ടുമുട്ടാനുള്ള പരിപാവനമായ മാർഗ്ഗമാണ്. സാറൂഗിലെ യാക്കോബ് ആരാധനയിലും പ്രാർത്ഥനയിലുമുള്ള മുഴുഹൃദയ പങ്കാളിത്വത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്നു. അതോടൊപ്പം വിശ്വാസികൾ ശാരീരികവും മാനസികവുമായി അതിൽ പൂർണമായി പങ്കുചേരേണ്ടതിന്റെ ആവശ്യകതയും പ്രകടിപ്പിക്കുന്നു. സഭാപിതാക്കന്മാർ, പ്രാർത്ഥനയെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും കൃതജ്ഞതയുടെയും വെളിപ്പെടുത്തലായും, ആരാധനാസമൂഹത്തിന്റെ കൂട്ടായ്മയുടെയും ഐക്യത്തിന്റെയും ബന്ധം ഉറപ്പിക്കുന്നതിന്റെ അടയാളമായും ചിത്രീകരിക്കുന്നു. ആരാധന ദൈവത്തോടുള്ള കൂട്ടായ്മയിൽ ജീവിക്കുവാനുള്ള മാർഗ്ഗമാണ്.

### 1. സഭ നിലനിൽക്കുന്നത് ആരാധനയിലാണ്

ആരാധന സഭയുടെ ആവിഷ്ക്കാരമാണ്. സഭ നിലനിൽക്കുന്നത് ആരാധനയിലുമാണ്. സഭയുടെ അസ്തിത്വവും ദൗത്യവും സ്വത്വവും ആരാധനയിലൂടെയും ആരാധനാനുഷ്ഠാനങ്ങളിലുടെയുമാണ് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതും സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നതും. സഭ ചെയ്യുന്ന 'എന്തോ' ഒന്നല്ല, മറിച്ച് സഭ യഥാർത്ഥത്തിൽ എന്താണെന്ന് ആരാധന വെളിപ്പെടുത്തുന്നു. ആരാധനയിലാണ്, സഭ യേശുക്രിസ്തുവിന്റെ ശരീരമാണെന്നും, ശിരസ്സായ ക്രിസ്തുവിനോട് ഐക്യപ്പെട്ടാണിരിക്കുന്നതെന്നും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. സഭാജീവിതത്തിന്റെ ഹൃദയമാണ് ആരാധന. സഭയുടെ ദൗത്യം ലോകത്തിൽ നിർവ്വഹിക്കുവാനുള്ള പ്രഥമ മാർഗ്ഗവുമാണത്. അതിനാൽ ആരാധനയെക്കുറിച്ചുള്ള യഥാർത്ഥമായ അറിവും ബോധ്യവും നമുക്കുണ്ടാകേണ്ടതുണ്ട്. സഭയുടെ അംഗമായിരിക്കുക എന്നതിനേക്കാൾ പ്രധാനമാണ് അംഗമായിരിക്കുന്ന സഭയെയും സഭയുടെ ആരാധനയെയും കൂടുതൽ അറിയുകയും സ്നേഹിക്കുകയും ചെയ്യുക എന്നത്.

### 2. ആരാധനയുടെ മൂന്ന് ലക്ഷ്യങ്ങൾ

ആരാധനയുടെ പരമപ്രധാനമായ മൂന്ന് ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

www.malankaralibrary.com

**i. ദൈവത്തിന്റെ മഹത്വീകരണം (Glorification of God).** ആരാധനയുടെ ഏറ്റം പ്രധാന ലക്ഷ്യം ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. പ്രാർത്ഥന കളിലൂടെയും വി. കുർബാനയിലൂടെയും കൂദാശകളിലൂടെയും നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും സൃഷ്ടികൾ എന്ന നില യിൽ നാം സ്രഷ്ടാവിനെ മഹത്വപ്പെടുത്തുവാൻ കടപ്പെട്ടവരാണ്. വിശുദ്ധ ദൈവമാതാവിനോടുള്ള വണക്കവും (Hyper dulia) വിശുദ്ധന്മാ രോടുള്ള വണക്കവും (dulia) ദൈവത്തിനുള്ള ആരാധനയിലേക്കാണ് നമ്മെ നയിക്കുക.

**ii. മനുഷ്യന്റെ വിശുദ്ധീകരണം (Sanctification of man).** വിശ്വാസം ശക്തിപ്പെടുത്തുന്നതിലൂടെയും, ഹൃദയങ്ങൾ ആരാധനയിലൂടെ ദൈവ ത്തിങ്കലേക്ക് ഉയർത്തുന്നതിലൂടെയും മനുഷ്യന്റെ വിശുദ്ധീകരണം സാധ്യമാകുന്നു. ആരാധനയും കൂദാശകളും വിശ്വാസികളുടെ വിശുദ്ധീ കരണത്തിൽ വലിയ പങ്കുവഹിക്കുകയും, അവരെ ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിലേക്ക് നയിക്കുകയും, ദൈവിക കൃപയിലൂടെ അവരുടെ ആത്മീയ വളർച്ചയ്ക്കും രൂപാന്തരീകരണത്തിനും ഇടയാ ക്കുകയും ചെയ്യുന്നു. കൂദാശകൾ ദൈവത്തിന്റെ അദൃശ്യമായ കൃപാ വരത്തിന്റെ ദൃശ്യമായ അടയാളങ്ങളും വിശുദ്ധീകരണത്തിന്റെ ശക്തി കേന്ദ്രങ്ങളുമാണ്. വി. കുർബാനയിൽ യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങളുടെ സ്വീകരണംവഴി വിശ്വാസികൾ ആത്മീയമായി പരി പോഷിപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരീകരിക്ക പ്പെടുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ ആരാധന ദൈവത്തിന്റെ കൃപ സ്വീകരിക്കുവാനും അവന്റെ രൂപാന്തരീകരണ പ്രക്രിയയിൽ പങ്കു ചേരുവാനും വിശുദ്ധിയിൽ വളരുവാനും ആത്യന്തികമായി ദൈവവു മായി ആഴമേറിയ ബന്ധത്തിലേക്ക് എത്തിച്ചേരുവാനും ഇടയാക്കുന്നു.

**iii. കൃപാവരം സ്വീകരിക്കൽ (Reception of Grace).** ആരാധന യിലൂടെയും കൂദാശകളിലൂടെയുമാണ് ദൈവം വീണ്ടെടുപ്പിന്റെയും ശുദ്ധീകരണത്തിന്റെയും കൃപാവരം മനുഷ്യർക്ക് നൽകുന്നത്. ആ കൃപാവരം ഫലവത്താകുന്നത് സ്വീകരിക്കുന്ന വ്യക്തിയുടെ ആത്മീയവും ധാർമ്മികവുമായ ഒരുക്കത്തെയും യോഗ്യതയുംകൂടി ആശ്രയിച്ചാണ്. അതിനാൽ ആരാധനയിലൂടെയും കൂദാശകളിലൂടെയും ലഭ്യമാകുന്ന കൃപാവരം സ്വീകരിക്കുവാൻ ഓരോ വ്യക്തിയും തന്നെത്തന്നെ വേണ്ട വിധത്തിൽ ആത്മീയമായി ഒരുക്കേണ്ടതാണ്. ദൈവശാസ്ത്ര പ്രബോധന പ്രകാരം, കൃപാവരം ലഭിക്കുന്നത് ഒന്നുകിൽ ആ കർമ്മം കൃത്യമായി

www.malankaralibrary.com

പരികർമ്മം ചെയ്യുന്നതിലൂടെയും (ex opere operato) അല്ലെങ്കിൽ സ്വീകരിക്കുന്ന വ്യക്തിയുടെ വിശ്വാസവും ആന്തരിക ഒരുക്കവും (ex opere operantis) അല്ലെങ്കിൽ സഭ ചെയ്യുന്ന ആ പ്രവൃത്തിയുടെ (quasi ex opere operato) ഗുണത്താലുമാണ്.

### 3. ആരാധന – സഭയുടെ ജീവിതത്തിന്റെ ഉറവിടവും അത്യുച്ചിയും

ആരാധനക്രമത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ Sacrosanctum Concilium എന്താണ് ആരാധനയെന്നും, എങ്ങനെയാണ് ആരാധന പരികർമ്മം ചെയ്യേണ്ടതെന്നും, എങ്ങനെ പരികർമ്മം ചെയ്യുമ്പോഴാണ് ആരാധന നമുക്ക് അനുഭവവേദ്യമാകുന്നതെന്നും പഠിപ്പിക്കുന്നു. ദൈവത്തിന്റെ ജനം പരിശുദ്ധാരൂപിയുടെ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ മൗതികശരീരമെന്ന നിലയിൽ പിതാവായ ദൈവത്തിന് സമർപ്പിക്കുന്നതാണ് ആരാധനയെന്നും, ദൈവാരാധന രക്ഷാകരചരിത്രത്തിന്റെയും (salvation history) പെസഹാ രഹസ്യങ്ങളുടെയും (paschal mysteries) ആഘോഷമാണെന്നും, ആരാധനക്രമത്തിന്റെ സ്വഭാവവും വിശ്വാസജീവിതത്തിൽ അതിനുള്ള പ്രാധാന്യവും ഈ പ്രമാണരേഖ നമ്മെ ഓർമ്മിപ്പിക്കുന്നു. "സഭയുടെ ശക്തി മുഴുവൻ നിർഗളിക്കുന്നത് ആരാധനയിൽ നിന്നാ"ണെന്ന് ഈ പ്രമാണരേഖ വ്യക്തമാക്കുന്നു (no. 10). അതിനാൽ ആരാധന പരിപൂർണ്ണ ഫലം ഉളവാക്കുവാൻ അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്, വിശ്വാസികൾ അനുഗുണമായ മനോഭാവത്തോടെ അതിനെ സമീപിക്കുക, ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കുക, കൃപാവരം വിഫലമാകാതിരിക്കാൻ അതിനോട് സഹകരിച്ചു പ്രവർത്തിക്കുക എന്നിവയെല്ലാം. ആരാധനയിൽ ബോധപൂർവ്വവും സജീവവും ഫലപ്രദവുമായി പങ്കെടുക്കുവാൻ പര്യാപ്തമായ മാർഗ്ഗങ്ങളും സ്വീകരിക്കണം. ഈ പ്രമാണരേഖ, ആരാധനയെക്കുറിച്ചുള്ള പൊതു തത്വങ്ങൾ (General norms & instructions), വി. കുർബാന എന്ന രഹസ്യം (Sacred mystery of the Holy Eucharist), മറ്റ് കൂദാശകളും കൂദാശാനുകരണങ്ങളും (All other Sacraments & sacramentals), യാമപ്രാർത്ഥനകൾ (Divine Office), ആരാധനക്രമവത്സരം (Liturgical year), ആരാധനക്രമസംഗീതം (Sacred music), വിശുദ്ധകലകളും ദിവ്യാലങ്കാരങ്ങളും (Sacred Art & Furnishings) എന്നിങ്ങനെ ഏഴ് അധ്യായങ്ങളായി തിരിച്ചിരിക്കുന്നു.

www.malankaralibrary.com

**4. ആരാധന – 'ദൈവിക പ്രവൃത്തി'യിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ**

ലിറ്റർജി എന്ന വാക്കിന്റെ അർത്ഥം 'പൊതുവായ ഒരു പ്രവൃത്തി അഥവാ ജനങ്ങളുടെ നാമത്തിലോ ജനങ്ങളെപ്രതിയോ ഉള്ള ശുശ്രൂഷ' എന്നാണ്. ക്രൈസ്തവ പാരമ്പര്യത്തിൽ ഇതിന് 'ദൈവത്തിന്റെ പ്രവൃത്തി'യിലുള്ള ദൈവജനത്തിന്റെ പങ്കുചേരൽ എന്നാണർത്ഥം. ആരാധനയിലൂടെ നമ്മുടെ രക്ഷകനും പ്രധാന പുരോഹിതനുമായ ക്രിസ്തു തന്റെ സഭയിൽ, സഭയോടൊത്ത്, സഭയിലൂടെ നമ്മുടെ രക്ഷാകരകർമ്മം തുടർന്നുകൊണ്ടിരിക്കുന്നു (CCC no. 1069). ആരാധനക്രമത്തിന് വിശ്വാസികളുടെ ജീവിതത്തിൽ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കഴിയും: ആത്മാവിലുള്ള നവജീവൻ, സഭയുടെ ദൗത്യത്തിലുള്ള പങ്കുചേരൽ, അവളുടെ ഐക്യത്തിനുവേണ്ടിയുള്ള ശുശ്രൂഷ എന്നിവയാണ് ഈ ഫലങ്ങൾ (CCC no. 1072).

**5. ആരാധന – രക്ഷാകര രഹസ്യത്തിന്റെ ആഘോഷം**

ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ പറയുന്നു: ആരാധന രക്ഷാകര പദ്ധതിയുടെ ആഘോഷമാണ്. ഈ രഹസ്യം ലോകത്തിനു മുഴുവനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയാണ്. ദൈവപിതാവ് ഈ പദ്ധതി നിറവേറ്റിയത് ലോക രക്ഷയ്ക്കുവേണ്ടി തന്റെ വത്സല പുത്രനെയും പരിശുദ്ധാത്മാവിനെയും നൽകിക്കൊണ്ടും തന്റെ നാമമഹത്വത്തിനും വേണ്ടിയാണ് (എഫേ. 1:9). സഭാപിതാക്കന്മാർ ഇതിനെ രക്ഷാകരപദ്ധതി എന്നു വിളിക്കുന്നു. സഭയിലായിരിക്കുന്ന വിശ്വാസസമൂഹത്തെ ആരാധന പടുത്തുയർത്തുകയും, അവരെ കർത്താവിന്റെ പരിശുദ്ധ ആലയമാക്കി മാറ്റുകയും, ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമാക്കുകയും, ക്രിസ്തുവിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുന്നു (SC 2).

**6. ആരാധനയും പ്രാർത്ഥനയും – ക്രിസ്തീയ ജീവിതത്തിന്റെ അവശ്യ ഘടകങ്ങൾ**

ക്രിസ്തീയ ജീവിതത്തിന്റെ അവശ്യ ഘടകങ്ങളായ ആരാധനയുടെയും പ്രാർത്ഥനയുടെയും പ്രാധാന്യത്തെക്കുറിച്ച് മാർ അപ്രേം സൂചിപ്പിക്കുന്നു. ഒരു വ്യക്തിയിൽ ആത്മീയ പുതുക്കപ്പെടലിനു കാരണമാകുന്ന രൂപാന്തരീകരണ പ്രക്രിയയാണ് പ്രാർത്ഥന. അത് വിശ്വാസികളെ ദൈവത്തോട് കൂടുതൽ സജീവമാക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ആരാധനാ സംഗീതം ശക്തമായ പ്രബോധന മാർഗ്ഗവും, കൂടുതൽ ഫലപ്രദമായി ആരാധനയിൽ സംബന്ധിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നതാണ്. ഒരു വ്യക്തിയെ ആത്മീയമായി സജീവമാക്കുവാനും പുതുക്കുവാനുമുള്ള രൂപാന്തരീകരണ ശക്തി പ്രാർത്ഥനയ്ക്കുണ്ട്. സുറിയാനി സഭാപിതാക്കന്മാരുടെ കാലത്ത് ദൈവശാസ്ത്ര ദർശനം പൂർണ്ണമായി വളർച്ച പ്രാപിച്ചില്ലെങ്കിലും പ്രാർത്ഥനകളിലും ഗീതങ്ങളിലും ദൈവശാസ്ത്ര ചിന്തകളുടെ പ്രാധാന്യം വ്യക്തമായി നാം കാണുന്നു. മലങ്കര ആരാധനക്രമത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഈ ദൈവശാസ്ത്ര ചിന്തകൾ വ്യക്തമാണ്. ആരാധനയിൽ നാം കാണുന്ന പ്രതീകങ്ങളും അടയാളങ്ങളും ആദിമസഭയുടെയും സഭാപിതാക്കന്മാരുടെയും ദൈവശാസ്ത്രവും യഥാർത്ഥ വിശ്വാസവും വെളിപ്പെടുത്തുന്നു.

### 7. ആരാധന - ദൈവ-മനുഷ്യ കണ്ടുമുട്ടൽ

ആരാധന ദൈവവും മനുഷ്യനും തമ്മിലുള്ള കണ്ടുമുട്ടലും, ദൈവവുമായുള്ള ബന്ധത്തിൽ വളരുവാനുള്ള മാർഗവുമാണ്. ആരാധനയിൽ രണ്ട് ദിശാവഴികളുണ്ട്. മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവും (discesa), ദൈവത്തിങ്കലേക്കുള്ള മനുഷ്യന്റെ കരേറ്റവും (ascesa). മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവിൽ, ദൈവം ക്രിസ്തുവിലൂടെ നമുക്ക് കൂടുതൽ അടുപ്പമുള്ളവനാകുന്നു. ദൈവത്തിങ്കലേക്കുള്ള മനുഷ്യന്റെ കരേറ്റത്തിൽ ക്രിസ്തു നമ്മെ പിതാവായ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നു. പ്രാർത്ഥനയെന്നത് ദൈവത്തിന്റെ കരുണയും ദാനങ്ങളും മാത്രം ആവശ്യപ്പെടുന്നതല്ല, മറിച്ച് സ്വർഗ്ഗീയ പിതാവുമായുള്ള സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ബന്ധം ശക്തിപ്പെടുത്തുന്നതുമാണ്. സഭാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന എന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും കൃതജ്ഞതയുടെയും, അതോടൊപ്പം ആരാധനാസമൂഹത്തിൽ കൂട്ടായ്മയും ഐക്യവും പ്രകടമാക്കുന്നതിന്റെയും അടയാളവുമാണ്. ആരാധന സഭാജീവിതത്തിന്റെ ഹൃദയവും, മറ്റെല്ലാ പ്രവർത്തനങ്ങളും ഉത്ഭവിക്കുന്ന ഉറവിടവുമാണ്. അത് ദൈവവുമായുള്ള കൂട്ടായ്മയിൽ ജീവിക്കുവാനുള്ള മാർഗ്ഗംകൂടിയാണ്. ആരാധനയിലൂടെയാണ് നാം അദൃശ്യനായ ദൈവത്തെ കണ്ടുമുട്ടുന്നത്. പ്രാർത്ഥന എന്നത് വാക്കുകൾ ഉരുവിടുന്നത് മാത്രമല്ല, മറിച്ച് ദൈവവുമായുള്ള ബന്ധത്തിന്റെ പ്രതിഫലനം കൂടിയാണ്. ആരാധനയ്ക്കായി അണയുന്ന ആരാധക

www.malankaralibrary.com

സമൂഹത്തിലെ ഓരോ വ്യക്തിയും തന്നെ അറിയുന്ന, സ്നേഹിക്കുന്ന ദൈവിക സാന്നിധ്യത്തിലേക്ക് കടന്നുവരികയും, വ്യക്തിപരമായി ദൈവത്തെ കണ്ടുമുട്ടുകയും ചെയ്യുന്നു. ആരാധനയുടെ മർമ്മം ഈ വ്യക്തിപരമായ ബന്ധമാണ്. ഈ കണ്ടുമുട്ടലിലാണ് രൂപാന്തരീകരണവും വിശുദ്ധീകരണവും സംഭവിക്കുക.

### 8. ആരാധന – ആത്മീയ ജീവിതത്തിന്റെ 'സ്റ്റീയറിംഗ് വീൽ'

ആരാധന ഓരോ വ്യക്തിയുടെയും ആത്മീയ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്ന 'സ്റ്റീയറിംഗ് വീൽ' ആണ്. ആരാധനക്രമ ആധ്യാത്മികത എന്നത് വിശ്വാസികളെ ആരാധനാജീവിതത്തിലൂടെ അവരുടെ ആത്മീയ രൂപീകരണത്തിനും അനുദിനജീവിതത്തിനും സഹായിക്കുന്നതാണ്. ക്രിസ്തീയ ആധ്യാത്മികതയുടെ ഉറവിടമാണ് ആരാധന. ആരാധന നമ്മെ വ്യക്തിപരമായി രൂപാന്തരപ്പെടുത്തുന്നതും ദൈവവുമായുള്ള ബന്ധത്തിലേക്ക് നയിക്കുന്നതുമാണ്. ആരാധനാഘോഷങ്ങളിൽ പ്രകടമാകുന്നതും അനുഭവിച്ചറിയുന്നതുമായ ദൈവവുമായുള്ള ബന്ധം നമ്മുടെ അനുദിന ജീവിതത്തിൽ വളരെ പ്രസക്തമാണ്.

### 9. ആരാധന – ത്രിത്വൈക കൂട്ടായ്മയിലുള്ള പങ്കുചേരൽ

ആരാധന ത്രിത്വൈക മാനത്തിന് കൂടുതൽ ഊന്നൽ നൽകുന്നു. ആരാധനയിലുള്ള പങ്കാളിത്തം പരി. ത്രിത്വത്തിലുള്ള പങ്കാളിത്തം കൂടിയാണ്. ഈ കൂട്ടായ്മയാണ് ആരാധനാനുഭവത്തിന്റെ പ്രധാന സവിശേഷത. ദൈവം ഒരാൾ മാത്രമാണെന്നും, ആ ദൈവം ത്രിത്വൈക ദൈവമാണെന്നും ആരാധന വെളിപ്പെടുത്തുന്നു. ആരാധന നമ്മെ ത്രിത്വവുമായുള്ള ബന്ധത്തിലേക്കും, ത്രിത്വത്തിലെ മൂന്നാളുകളുമായുള്ള ബന്ധത്തിലേക്കും കൂട്ടിക്കൊണ്ടുവരുന്നു. പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിലൂടെ, യേശുക്രിസ്തുവിലും യേശുക്രിസ്തുവിലൂടെയും പിതാവായ ദൈവത്തിന് അർപ്പിക്കുന്നതാണ് പ്രാർത്ഥനകൾ, പ്രത്യേകിച്ച് ഔദ്യോഗികമായ പ്രാർത്ഥനകൾ. പ്രാർത്ഥനകൾ ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ത്രിത്വൈക നാമത്തിലാണ്.

### 10. ആരാധന – ഭൂമിയിലെ സ്വർഗ്ഗീയ അനുഭവം

സഭയിലെ ആരാധന സ്വർഗത്തിലെ ആരാധനയുടെ മുന്നാസ്വാദനമാണ്. അത്തരത്തിലുള്ള സ്വർഗീയ അനുഭവത്തിന് അഞ്ച് പ്രധാന കാര്യങ്ങൾ ആവശ്യമുണ്ട്: ആരാധനയുടെ ഭാഷ, ആരാധനയെ

www.malankaralibrary.com

ക്കുറിച്ചുള്ള അറിവ്, ആരാധനയുടെ അനുഷ്ഠാനങ്ങൾ, ആരാധനയുടെ ഇടം, ആരാധനക്രമ സംഗീതം. ആരാധനയിലെ പ്രാർത്ഥനകൾ, ഗീതങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ നമ്മെ സ്വർഗ്ഗീയ അനുഭവത്തിലേക്കും ദൈവവുമായുള്ള ആഴമേറിയ ബന്ധത്തിലേക്കും നയിക്കുന്നു. ആരാധന അനുഭവവേദ്യമാക്കുവാൻ, അടുത്തും അകലെയുമുള്ള ഒരുക്കം ആവശ്യമാണ്. അകന്ന ഒരുക്കം, ആരാധനയിൽ പങ്കെടുക്കുന്നതിനു മുമ്പുള്ള നമ്മുടെ ശാരീരികവും മാനസികവുമായ ഒരുക്കത്തെ സൂചിപ്പിക്കുന്നു. അടുത്ത ഒരുക്കം, ആരാധനയിലുള്ള നമ്മുടെ പൂർണ്ണവും സജീവവും ബോധപൂർവ്വവുമായ പങ്കുചേരലിനെ സൂചിപ്പിക്കുന്നു. ആരാധനയെ മനസിലാക്കുവാനും അനുഭവിക്കുവാനുമുള്ള നമ്മുടെ കഴിവ് ആരാധനാഘോഷങ്ങളിലുള്ള നമ്മുടെ ദൈവസംസർഗത്തെ കേന്ദ്രീകരിച്ചിരിക്കുന്നു. അതിലൂടെ ആരാധന കൂടുതൽ അർത്ഥവർത്തും അനുഭവവേദ്യവുമായി തീരുന്നു.

**11. ആരാധന – ദൈവവുമായുള്ള വ്യക്തിപരമായ ബന്ധവും കണ്ടുമുട്ടലും**

ആരാധന, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ ക്രിസ്തുവിലൂടെ, സഭയും സഭാംഗങ്ങളും, വിശുദ്ധ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ദൈവത്തെ വ്യക്തിപരമായി കണ്ടുമുട്ടുന്നതാണ്. അതിനാൽ, ആരാധന ദൈവത്തെ കണ്ടുമുട്ടലാണ്. ഈ കണ്ടുമുട്ടൽ യേശുക്രിസ്തുവിലൂടെയാണ്. ഈ കണ്ടുമുട്ടൽ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിലൂടെയാണ്. ഈ കണ്ടുമുട്ടൽ സംഭവിക്കുന്നത് സഭയിലാണ്. ദൈവവുമായുള്ള ഈ കണ്ടുമുട്ടൽ വ്യക്തിപരമായി നടക്കേണ്ടതാണ്. ഈ കണ്ടുമുട്ടൽ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ് അനുഭവവേദ്യമാകുന്നത് (A.Verheul, Introduction to the Liturgy, Burns & Oates, London, P 19). ആരാധനയിലെ സജീവമായ പങ്കാളിത്വത്തിലൂടെ നമ്മുടെ വിശ്വാസം കൂടുതൽ ആഴപ്പെടുവാൻ ഇടയാകുന്നു. വിശ്വാസം അനുഭവവേദ്യമാക്കുവാൻ നാം നമ്മുടെ കണ്ണുകളും കാതുകളും തുറക്കുകയും, ഹൃദയവും മനസ്സും ഒരേ ബിന്ദുവിലേക്ക് - ക്രിസ്തുവാകുന്ന വ്യക്തിയിലേക്ക് - ഉയർത്തുകയും വേണം. കർദ്ദിനാൾ ലൂയി അന്തോണിയോ ടാഗ്ലേ പറയുന്നു: പ്രാർത്ഥന എന്നത് വാക്കുകൾ മാത്രമല്ല, മറിച്ച് ദൈവവുമായുള്ള ബന്ധമാണ്. ദൈവവുമായുള്ള ബന്ധം കൂടാതെയുള്ള പ്രാർത്ഥന ശരിയായ പ്രാർത്ഥനയല്ല.

www.malankaralibrary.com

മനുഷ്യ കേന്ദ്രീകൃതമായ സംഭവമല്ല, ആദരവോടും ശാന്തതയോടും ഭക്തിയോടെയും നിർവ്വഹിക്കേണ്ട ദൈവ-മനുഷ്യ ബന്ധമായാണ് കർദ്ദിനാൾ റോബേർട്ട് സാറാ ആരാധനയെ അവതരിപ്പിക്കുന്നത്. ഈ അർത്ഥത്തിൽ, വിശ്വാസത്തിന്റെ സത്തയെ പ്രതിഫലിപ്പിച്ചുള്ള ആരാധന ആഴത്തിലുള്ള ആന്തരികതയ്ക്കും രൂപാന്തരീകരണത്തിനും ഇടയാക്കുന്നു.

**12. ആരാധന - വിശ്വാസത്തിന്റെ ആഘോഷവും വെളിപ്പെടുത്തലും**

വിശ്വാസത്തിന്റെ മൂന്ന് തലങ്ങൾ ഇവയാണ്:

1. വിശ്വാസം അറിയുക, പങ്കുവയ്ക്കുക - Transmitting the faith (Catechism) - വേദപാഠക്ലാസുകളിലൂടെ വിശ്വാസം പഠിക്കുകയും പരിശീലിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുക.
2. വിശ്വാസം ആഘോഷിക്കുക - Celebrating the faith (Liturgy) - വേദപാഠക്ലാസുകളിലൂടെ നാം പഠിച്ചതും പരിശീലനം നേടിയതുമായ വിശ്വാസം ആഘോഷിക്കുന്നത് ആരാധനയിലൂടെയാണ്.
3. വിശ്വാസം ജീവിക്കുക - Living the faith (Spirituality) - വേദപാഠക്ലാസുകളിലൂടെ പഠിച്ചതും പരിശീലിച്ചതും, ആരാധനയിലൂടെ ആഘോഷിച്ചതുമായ വിശ്വാസം ജീവിക്കുന്നതാണ് ആധ്യാത്മികത.

വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധന. സഭയുടെ ജീവിതം ആരാധനാജീവിതത്തിലാണ് കേന്ദ്രീകരിച്ചിരിക്കുക. ആരാധന വിശ്വാസത്തിന്റെ വെളിപ്പെടുത്തലും ആഘോഷവുമാണ്. ആരാധനയിൽ വിശ്വാസത്തിന്റെ ജീവിതം പ്രതീകാത്മകമായി വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ബനഡിക്ട് പതിനാറാമൻ പാപ്പ, തന്റെ പുസ്തകമായ The Spirit of the Liturgy - യിൽ ആരാധനയിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന വിശ്വാസത്തിന്റെ മാനത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. സഭയുടെ വിശ്വാസം ആരാധനയിലും ദൈവശാസ്ത്രത്തിലുമാണ് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതും സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നതും. അതിനാൽ ആരാധനാസമൂഹം ആരാധനയിൽ തങ്ങൾ പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശ്വാസത്തെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും വെളിപ്പെടുത്തുകയും വേണം (പേജ് 21-22). *Porta Fidei* എന്ന അപ്പസ്തോലിക ലേഖനത്തിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ വീണ്ടും പറയുന്നു: വിശ്വാസം എന്നത് ഒരു സ്വകാര്യ വിഷയമല്ല, വിശ്വാസത്തിന് ഒരു സാമൂഹിക ഉത്തരവാദിത്വം കൂടെയുണ്ട് (നം. 2). വിശ്വാസം

www.malankaralibrary.com

എന്നത്, ദൈവത്തോട് ചേർന്നുനിൽക്കുവാനും അവനോടൊത്ത് ജീവിക്കുവാനുമുള്ള തീരുമാനമാണ്. അവനോടൊത്ത് ജീവിക്കുവാനുള്ള തീരുമാനം അവനിൽ വിശ്വസിക്കുന്നതിനുള്ള കാരണങ്ങളെ വെളി പ്പെടുത്തുന്നതുകൂടിയാണ്. 'ഞാൻ വിശ്വസിക്കുന്നു' എന്ന വിശ്വാസ പ്രമാണത്തിലെ പ്രഖ്യാപനം മാമ്മോദീസായിലൂടെ ഓരോ വിശ്വാ സിയും സഭയിൽ ഏറ്റുപറഞ്ഞ വിശ്വാസത്തിന്റെ തുടർച്ചയും വളർച്ച യുമാണ്. ഈ വിശ്വാസം, ദൈവവും ദൈവത്തിൽ വിശ്വസിക്കുന്ന ജനവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. ആരാധനയിൽ, പ്രത്യേകിച്ച് വി. കുർബാനയിൽ, യഥാർത്ഥ വിശ്വാസമാണ് നാം പ്രഖ്യാ പിക്കുന്നത്. സഭയിലാണ് ദൈവശാസ്ത്രം രൂപപ്പെട്ടതും ആരാധന ആഘോഷിക്കപ്പെട്ടതും. അതിനാൽ ദൈവശാസ്ത്രവും ആരാധനയും സഭയിൽ ഏറെ ഐക്യപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിൽ, ആരാധന എന്നത് വിശ്വാസത്തിന്റെ ആഘോഷവും, ദൈവശാസ്ത്രം എന്നത് വിശ്വാസത്തിന്റെ വ്യാഖ്യാനവുമാണ്. ആരാധന വിശ്വാസ കാര്യങ്ങളിൽ വിശ്വാസികളെ ശക്തിപ്പെടുത്തുന്ന മാർഗ്ഗവും, സത്യവിശ്വാസത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതുമാണ് (SC 1:1, 5-13).

**13. വിശ്വാസത്തിന്റെ വെളിപ്പെടുത്തൽ മലങ്കര ആരാധനക്രമത്തിൽ**

മലങ്കര ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളും സഭ യുടെ വിശ്വാസം വ്യക്തമായി വെളിപ്പെടുത്തുന്നു. വിവിധ തിരുക്കർമ്മ ങ്ങളിലെ സെദറാ പ്രാർത്ഥനകൾ വിശ്വാസ സത്യങ്ങളും ദൈവശാസ്ത്ര ചിന്തകളുംകൊണ്ട് നിറഞ്ഞു നില്ക്കുന്നവയാണ്. മലങ്കര സഭയുടെ വിശ്വാസം ആരാധനക്രമത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും വ്യക്തമായി പ്രകടമാകുന്നു. പെങ്കീസോ, യാമപ്രാർത്ഥനകൾ, കൂദാ ശകൾ, തിരുനാളുകൾ എന്നിവയുടെ പ്രാർത്ഥനകളിൽ ഇത് കൂടുതൽ വ്യക്തമാണ്. മലങ്കര ആരാധനക്രമത്തിന്റെ അടിസ്ഥാനവും ഉറവിടവും സഭയുടെ ഔദ്യോഗിക വിശ്വാസമാണ്. വിശ്വാസത്തിന്റെ ഈ മാനം കൂടാതെ ആരാധനയ്ക്ക് ആന്തരീകമായ ജീവനുണ്ടാകില്ല, വിശ്വാസി കൾക്ക് ദൈവികരഹസ്യങ്ങളെ ഉൾക്കൊള്ളുവാനും കഴിയില്ല. മലങ്കര ആരാധനക്രമത്തിലെ എല്ലാ പ്രാർത്ഥനകളും ഗീതങ്ങളും നേരിട്ടോ അല്ലാതെയോ സഭയുടെ വിശ്വാസത്തെ സൂചിപ്പിക്കുന്നു. ഉദാ. വിശ്വാ സത്തിന്റെ കൂദാശയായിട്ടാണ് മാമോദീസായെ സഭാപിതാക്കന്മാർ വിശേഷിപ്പിക്കുക. മാമോദീസായുടെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഇത് വളരെ വ്യക്തമാണ്. മാമോദീസായുടെ രണ്ട് പ്രധാന ഘടകങ്ങ ളാണ്, വിശ്വാസത്തിന്റെ പ്രഖ്യാപനവും വെള്ളത്തിലുള്ള മുങ്ങലും.

www.malankaralibrary.com

വെള്ളത്തിലുള്ള മുങ്ങൽ വിശ്വാസ പ്രഖ്യാപനത്തിനും വിശ്വാസ പ്രമാണം ചൊല്ലിയതിനും ശേഷമാണ് നടത്തുക. വിവാഹകൂദാശയുടെ അവസാന പ്രാർത്ഥനയിൽ വൈദികൻ ദമ്പതിമാരോട്, ദൈവത്തോട് വിശ്വസ്തരായിരിക്കുവാനും, വിശ്വാസത്തിന്റെ ജീവിതം നയിക്കുവാനും ആഹ്വാനം ചെയ്യുന്നു. വൈദികാഭിഷേക ശുശ്രൂഷയിൽ, ദൈവത്തോട് അടിയുറച്ച വിശ്വാസത്തിൽ ജീവിക്കുവാൻ വൈദികാർത്ഥികളോട് ഉപദേശിക്കുന്നു. വൈദികാഭിഷേക ശുശ്രൂഷയിലെ 'ഓമലോഗി യോനിൽ' പൗരോഹിത്യ ജീവിതത്തിൽ വിശ്വാസം കാത്തുസൂക്ഷി ക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുന്നു. വി. കുർബാനയിലൂടെ നമ്മുടെ ചിന്തകളും മനോഭാവവും ദർശനവും വിശ്വാസത്തിലേക്ക് നയിക്കുവാൻ ഇടയാകുന്നു. എമ്മാവൂസിലേക്ക് പോയ രണ്ട് ശിഷ്യന്മാ രുടെ കണ്ണുകൾ അപ്പം മുറിച്ചു നൽകിയപ്പോൾ തുറന്നതുപോലെ നാമും വി. കുർബാനയിലൂടെ ക്രിസ്തുവിനെ തിരിച്ചറിയുന്നു (ലൂക്ക 24:31).

### 14. ആരാധനയും വിശ്വാസ സത്യങ്ങളും ആദ്ധ്യാത്മികതയും തമ്മിലുള്ള ബന്ധം

സഭയുടെ വിശ്വാസ സത്യങ്ങളും (Dogma) ആരാധനയും ആദ്ധ്യാ ത്മികതയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വിശ്വാസത്തിന്റെ വെളി പ്പെടുത്തലാണ് ആരാധനക്രമ ഗീതങ്ങളും പ്രാർത്ഥനകളും. ആരാധ നയിലാണ് നമ്മുടെ വിശ്വാസത്തിന്റെ പ്രഖ്യാപനം നാം നടത്തുന്നത്. സഭയുടെ ആരാധന, വിശ്വാസ സത്യങ്ങളും അതിന്റെ ആഘോഷവും കൊണ്ട് നിറഞ്ഞുനില്ക്കുന്നു. ഈ അർത്ഥത്തിൽ സഭയുടെ ആരാധ നയും ദൈവശാസ്ത്രവും തമ്മിൽ ഏറെ ബന്ധപ്പെട്ടിരിക്കുന്നു. സഭയുടെ വിശ്വാസം ആരാധനയിലാണ് സംരക്ഷിക്കപ്പെടുന്നതും കാത്തുസൂക്ഷി ക്കപ്പെടുന്നതും. ആരാധന, സഭയുടെ വിശ്വാസത്തിന്റെ വെളിപ്പെടു ത്തലായതിനാൽ അത് സഭയുടെ ദൈവശാസ്ത്രത്തിന്റെയും വിശ്വാ സത്തിന്റെയും ഉറവിടമാകുന്നു. ഈ അർത്ഥത്തിലാണ് *lex orandi, lex credendi, lex vivendi* എന്ന പ്രാചീന ദൈവശാസ്ത്ര തത്വം അർത്ഥപൂർണ്ണ മാകുന്നത്. ഇവിടെ, പ്രാർത്ഥനയുടെ നിയമം ആരാധനയെയും, വിശ്വാ സത്തിന്റെ നിയമം ദൈവശാസ്ത്രത്തെയും, ജീവിതത്തിന്റെ നിയമം ആദ്ധ്യാത്മികതയെയും സൂചിപ്പിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും ഇത് സൂചിപ്പിക്കുന്നു (നം. 1124). ആരാധന, നാം വിശ്വസിക്കുന്ന പ്രമാണങ്ങളുടെ ബാഹ്യമായ വെളിപ്പെടുത്ത ലാണ്. ആരാധനയിൽ നാം എന്ത് പരികർമ്മം ചെയ്യുന്നുവോ അത്

www.malankaralibrary.com

ജീവിക്കുന്നതാണ് ക്രിസ്തീയ ആദ്ധ്യാത്മികത. പന്ത്രണ്ടാം പിയൂസ് മാർപാപ്പ പറയുന്നു: ആരാധനയാണ് സഭയുടെ ഔദ്യോഗിക പ്രബോധന കേന്ദ്രം (Mediator Dei, AAS 39 (1947) 540-541). മലങ്കര ആരാധനക്രമത്തിന്റെ സമ്പൂർണ ദൈവശാസ്ത്രം പ്രാർത്ഥനകളിലും ഗീതങ്ങളിലും അടങ്ങിയിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ദൈവശാസ്ത്രം ആരാധനക്രമത്തിൽനിന്ന് വേർപെടുത്തുവാൻ സാധ്യമല്ല (SC 10). അതിനാൽ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

**15. ആരാധനയുടെ നിയന്ത്രണവും അധികാരവും**

ആരാധനയുടെ നിയന്ത്രണം സഭയുടെ മാത്രം അധികാരമാണ്. അതിനാൽ ഒരോ വ്യക്തിഗത സഭയും ആരാധനയുടെ ആചാരങ്ങളും നിയമങ്ങളും അനുഷ്ഠിച്ച് വേണം അത് പരികർമ്മം ചെയ്യുവാൻ. ആരാധനയുടെ യഥാർത്ഥ പരികർമ്മത്തിന് ആരാധനാനുഷ്ഠാനങ്ങളും നിയമങ്ങളും ഏറ്റം പ്രധാനപ്പെട്ടതാണ്. അതിനാൽ അതിനു വിരുദ്ധമായ കാര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. ഓരോരുത്തരുടെയും ഇഷ്ടമോ അനിഷ്ടമോ അനുസരിച്ചല്ല ആരാധന പരികർമ്മം ചെയ്യേണ്ടത്. സഭ ഔദ്യോഗികമായി അംഗീകരിച്ച ആരാധനക്രമത്തിൽ എന്തെങ്കിലും കൂട്ടിചേർക്കുവാനോ, ഒഴിവാക്കുവാനോ, കുറയ്ക്കുവാനോ ആർക്കും അനുവാദമില്ല. ഇക്കാര്യത്തിൽ ആരാധനയെക്കുറിച്ച് വ്യക്തമായ ദർശനം ഏവർക്കും ആവശ്യമാണ്. ഇന്നു നാം കാണുന്ന രണ്ട് പ്രധാന അപകടങ്ങൾ ഇവയാണ്: 1. ആരാധനയുടെ വ്യക്തിത്വം നഷ്ടപ്പെടുത്തുന്നത് (losing the identity) 2. ആരാധനയിൽ ഇളവുകൾ ചേർക്കുന്നത് (using more concessions). ഇവ രണ്ടും അപകടകരമാണ്. ഫുൾട്ടൻ ജെ. ഷീന്റെ The Priest is not His Own എന്ന പുസ്തകം ഇവിടെ വളരെ പ്രസക്തമാണ്. ആരാധനയിൽ അത്യാവശ്യമായി പാലിക്കേണ്ടതും തെരഞ്ഞെടുത്ത് ഉപയോഗിക്കേണ്ടതുമായ (Essentials and Options) കാര്യങ്ങളുണ്ട്. അത്യാവശ്യമായവ നിർബന്ധമായും പാലിക്കേണ്ടതാണ് (obligatory). എന്നാൽ, തെരഞ്ഞെടുത്ത് (options) ഉപയോഗിക്കേണ്ടതിന് (ഗീതങ്ങൾ, വായനകൾ, അന്നാഫുറാ, പ്രുമിയോൻ- സെദറാ) സ്വാതന്ത്ര്യവുമുണ്ട്.

**16. ആരാധനയുടെ രഹസ്യാത്മകത**

ആരാധനക്രമത്തിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും ദൈവികതയുടെ നിഗൂഢ രഹസ്യങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ വിശ്വാസിയെ

www.malankaralibrary.com

സഹായിക്കുന്നു. പ്രാർത്ഥനകളിലും ഗീതങ്ങളിലും ദൈവികശക്തി യുടെയും വിശുദ്ധിയുടെയും ഘടകങ്ങൾ ധാരാളം കാണാം. ആരാധ നയിൽ ദൈവിക രഹസ്യങ്ങൾ ഏറെ ഭക്തിയോടും ആദരവോടും വേണം പരികർമ്മം ചെയ്യുവാൻ. പലപ്പോഴും ആരാധനാഘോഷങ്ങളിൽ അതിന്റെ പരിശുദ്ധിയും ആദരവും നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകാറുണ്ട്. ആരാ ധനയുടെ രഹസ്യാത്മകത ഏറെ പ്രധാനപ്പെട്ടതാണ്. ബനഡിക്ട് പതി നാറാമൻ മാർപാപ്പായുടെ The Spirit of the Liturgy എന്ന പുസ്തക ത്തിൽ ആരാധനയുടെ രഹസ്യാത്മകത കാത്തുസൂക്ഷിക്കണമെന്നും അതിന്റെ പരിപാവനത നഷ്ടപ്പെടുത്തരുതെന്നും പ്രത്യേകം ഓർമ്മി പ്പിക്കുന്നു. പാശ്ചാത്യ ആരാധനയിലേക്കാൾ പൗരസ്ത്യ ആരാധന ക്രമത്തിൽ ഈ രഹസ്യാത്മകത ഏറെ വ്യക്തവും പ്രത്യേകതയും ഉള്ളതാണെന്ന് പുസ്തകം പരാമർശിക്കുന്നു. അതിനാൽ, ആരാധന അതിന്റെ ശരിയായ അരൂപിയിൽ നിർവ്വഹിക്കണമെന്നും അതിന്റെ പരിപാവനതയും രഹസ്യാത്മകതയും നഷ്ടപ്പെടുത്തരുതെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു. പലപ്പോഴും വേണ്ടത്ര ഒരുക്കമോ ബോധ്യമോ വിശ്വാ സമോ ഭക്തിയോ അവബോധമോ ഇല്ലാതെ ആരാധന പരികർമ്മം ചെയ്യാറുണ്ട്. ലിയോ പതിനാലാമൻ മാർപാപ്പ പൗരസ്ത്യ സഭകളുടെ ജൂബിലി ആഘോഷവേളയിൽ ഇപ്രകാരം പറഞ്ഞു. "നമുക്ക് ആരാ ധനയിൽ സജീവമായി നിലനിൽക്കുന്ന രഹസ്യാത്മകത വീണ്ടെടുക്കു വാൻ ഉത്തരവാദിത്വം ഉണ്ട്. അതോടൊപ്പം പൗരസ്ത്യ ആദ്ധ്യാത്മിക തയുടെയും മൂല്യങ്ങളുടെയും - നോമ്പ്, ഉപവാസം, വർജ്ജന, പ്രായ ശ്ചിത്തം - പ്രാധാന്യം വീണ്ടും കണ്ടെത്തുകയും ചെയ്യേണ്ട ആവശ്യ മുണ്ട്. പൗരസ്ത്യ സഭകളുടെ ആരാധനാ പാരമ്പര്യങ്ങൾ - അതിന്റെ മൂല്യമോ, ശക്തിയോ, ഫലമോ കുറയ്ക്കാതെ, നമ്മുടെ സൗകര്യത്തിനും പ്രായോഗികതയ്ക്കും വേണ്ടി നഷ്ടപ്പെടുത്താതെ - കാത്തു സൂക്ഷി ക്കേണ്ടതുണ്ട്" (14 മെയ്, 2025).

### 17. ആരാധനയിൽ പരിശുദ്ധാത്മാവിന്റെ പങ്ക്

പെന്തിക്കോസ്തിനാളിൽ അപ്പസ്തോലന്മാരുടെ മേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവ് അവരെ ഒരുമിപ്പിക്കുകയും ശക്തരാക്കുകയും ചെയ്യുക മാത്രമല്ല ചെയ്തത് മറിച്ച്, യേശുക്രിസ്തുവിന്റെ മൗതീകശരീരത്തിന്റെ ഫലപ്രദവും ഗുണകരവുമായ വളർച്ചയ്ക്കും ഇടയാക്കി. ആരാധന യിലുള്ള പരിശുദ്ധാത്മാവിന്റെ പങ്കിന്റെ, പ്രത്യേകിച്ചും വി. കുർബാന യിലുള്ള റൂഹാ ആവാസത്തിന്റെ, പ്രാധാന്യം സഭാപിതാക്കന്മാർ

www.malankaralibrary.com

പ്രത്യേകം സൂചിപ്പിക്കുന്നു. വി. കുർബാനയിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് അപ്പത്തെയും വീഞ്ഞിനെയും യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും ആക്കിതീർക്കുകയും, അതിൽ പങ്കുചേരുന്ന വിശ്വാസികളെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. നിരവധി പ്രാർത്ഥനകളിലും ആരാധനാനുഷ്ഠാനങ്ങളിലും പരിശുദ്ധാത്മാവിന്റെ ആവാസവും രൂപാന്തരീകരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും പ്രവൃത്തികളും നാം കാണുന്നു. വി. കുർബാനയിൽ റൂഹാ ആവാസത്തിന്റെ ആദ്യ ഭാഗം പരിശുദ്ധാത്മാവ് അപ്പത്തെയും വീഞ്ഞിനെയും തിരുശരീരരക്തങ്ങളാക്കി തീർക്കുകയും, രണ്ടാം ഭാഗം വി. കുർബാന സ്വീകരിക്കുന്ന വിശ്വാസികളുടെ രൂപാന്തരീകരണത്തിന് ഇടയാക്കുകയും ചെയ്യുന്നു. ആരാധനയിലൂടെ ദൈവത്തെ കണ്ടുമുട്ടുന്നത് പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിലാണ്. എല്ലാറ്റിനെയും പൂർത്തിയാക്കുന്ന, വിശുദ്ധീകരിക്കുന്ന, രൂപാന്തരപ്പെടുത്തുന്ന, സ്ഥിരീകരിക്കുന്ന, സജീവമാക്കുന്ന പരിശുദ്ധാത്മാവിന്റെ പങ്ക് ആരാധനയിൽ നാം വ്യക്തമായി കാണുന്നു.

### 18. ആരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം

ആരാധനയിലുള്ള അടയാളങ്ങളും പ്രതീകങ്ങളും ദൈവിക ശക്തിയെയും ദൈവിക പരിശുദ്ധിയെയും ദൈവിക രഹസ്യങ്ങളെയും സൂചിപ്പിക്കുന്നു. ഈ അടയാളങ്ങളും പ്രതീകങ്ങളും നമ്മുടെ വിശ്വാസത്തെയും ബോദ്ധ്യത്തെയും വർധിപ്പിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും ഇടയാക്കുന്നു. ദൈവശാസ്ത്രജ്ഞന്മാരും ആരാധനക്രമ പണ്ഡിതരും അടയാളങ്ങളെയും പ്രതീകങ്ങളെയും വിശ്വാസ രഹസ്യങ്ങളെ നന്നായി മനസിലാക്കുന്നതിനുള്ള മാർഗ്ഗങ്ങളായി കാണുന്നു. ആരാധനയിൽ നാം ഉപയോഗിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും, ദൈവാനുഭവത്തിലേക്കും ദൈവികസാന്നിധ്യത്തിലേക്കും കടന്നുവരുവാനും നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാനും സഹായിക്കുന്നു. ദൈവത്തെ കണ്ടുമുട്ടുവാൻ ആരാധനയിലെ വിശുദ്ധ അടയാളങ്ങളും പ്രതീകങ്ങളും നമ്മെ സഹായിക്കുന്നു.

ദൈവശാസ്ത്ര വിചിന്തനത്തിനായി പ്രതീകാത്മക ഭാഷ ഉപയോഗിക്കുന്നത് സുറിയാനി ആരാധനക്രമത്തിന്റെയും പാരമ്പര്യത്തിന്റെയും സവിശേഷതയാണ്. കൂദാശകളെ, കൃപാവരം നൽകുന്ന ഫലപ്രദമായ പ്രതീകാത്മക അടയാളങ്ങളായാണ് വിശേഷിപ്പിക്കുക. പൗരസ്ത്യ

www.malankaralibrary.com

പാരമ്പര്യത്തിൽ, കൂദാശ എന്നത് പഴയതിൽനിന്നും പുതിയതിലേക്കുള്ള കടന്നുപോക്കും രൂപാന്തരീകരണവുമാണ് (കൊളോ. 1:13). യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ യേശുക്രിസ്തുവും മനുഷ്യവർഗ്ഗവുമായുള്ള 'വിവാഹമായാണ്' സഭാപിതാക്കന്മാർ വിശേഷിപ്പിക്കുക. സഭയുടെ രഹസ്യങ്ങളെയും സ്വത്വത്തെയും സൂചിപ്പിക്കുവാൻ സഭാപിതാക്കന്മാർ ഉപയോഗിച്ചിട്ടുള്ള പ്രതീകങ്ങൾക്കും അടയാളങ്ങൾക്കും ആധുനിക കാലത്തും വലിയ പ്രസക്തി ഉണ്ട്. മാർ അപ്രേം, അഫ്രാഹത്ത്, നർസായി, സാറൂഗിലെ യാക്കോബ് എന്നീ സഭാപിതാക്കന്മാരും സുറിയാനി പണ്ഡിതരും ഉപയോഗിച്ചിരുന്ന മാർഗ്ഗവും ഇതായിരുന്നു. സുറിയാനി ആരാധനയിലും പാരമ്പര്യത്തിലുമുള്ള ഇത്തരം അടയാളങ്ങളും പ്രതീകങ്ങളും അമൂല്യ നിധിയായി നിലകൊള്ളുന്നു.

**19. ആരാധനയിൽ തിരുകർമ്മ സംഗീതത്തിന്റെ പ്രധാന്യം**

സംഗീതം ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെ മാർഗ്ഗമാണ്. ദൈവത്തിങ്കലേക്ക് മനുഷ്യനെ ഉയർത്തുന്നതിനും അവരുടെ ഹൃദയങ്ങളെ സ്പർശിക്കുന്നതിനും സംഗീതം ശക്തമായ മാർഗ്ഗമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയുടെ ആറാം അദ്ധ്യായം തിരുക്കർമ്മ സംഗീതത്തെക്കുറിച്ചാണ്. തിരുക്കർമ്മ ഗീതത്തെക്കുറിച്ചുള്ള തിരുസഭാ പാരമ്പര്യം ഒരു അമൂല്യ നിക്ഷേപമാണ്. ......... അത് ആഘോഷമായ തിരുക്കർമ്മത്തിന്റെ അഭേദ്യവും അപരിത്യാജ്യവുമായ ഒരു ഘടകമായി തീരുന്നു.... തിരുക്കർമ്മ ഗീതങ്ങളെ അതീവ ജാഗ്രതയോടെ പരിരക്ഷിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു..... (നം. 112, 114). തിരുക്കർമ്മ സംഗീതത്തിലൂടെ പ്രാർത്ഥന കൂടുതൽ ആകർഷകമാക്കുവാനും, സ്വരങ്ങളുടെ ഐക്യത്തിലൂടെ ഹൃദയങ്ങളുടെ ഐക്യം സംജാതമാകുവാനും, സ്വർഗ്ഗീയ കാര്യങ്ങളിലേക്ക് മനസ്സുകളെ ഉയർത്തുവാനും, സ്വർഗ്ഗീയ ജറുസലേമിലെ ആരാധനയുടെ പ്രതിരൂപമാകുവാനും ഇടയാകുന്നു.

**20. തിരുക്കർമ്മ സംഗീതത്തിന്റെ പ്രാധാന്യം മലങ്കര ആരാധനക്രമത്തിൽ**

വിശ്വാസികളെ ദൈവീക അനുഭവത്തിൽ കാത്തുസൂക്ഷിക്കുവാനും വിശ്വാസ രഹസ്യങ്ങളിലേക്ക് ആഴപ്പെടുത്തുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുക്കർമ്മ സംഗീതത്തിന് വലിയ പങ്കുണ്ട്.

www.malankaralibrary.com

തിരുക്കർമ്മ സംഗീതത്തിന്റെ പ്രത്യേകതയായ അഷ്ഠരാഗങ്ങൾ പ്രത്യേക ദൈവാനുഭൂതിയും ഭക്തിയും ജനിപ്പിക്കുകയും വിശ്വാസ അനുഭവത്തിൽ ആഴപ്പെടുത്തുകയും ചെയ്യുന്നു. മലങ്കര ആരാധനക്രമം, സന്യാസ ചൈതന്യത്തിൽ നിറഞ്ഞു നിൽക്കുന്ന അന്ത്യോക്യൻ ആരാധനക്രമമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ, ഗീതങ്ങളും പ്രാർത്ഥനകളും സന്യാസ ചൈതന്യത്തിൽ എഴുതപ്പെട്ടവയാണ്. ഈ ഗീതങ്ങളും പ്രാർത്ഥനകളും രചിച്ച സഭാപിതാക്കന്മാരുടെ സന്യാസ ആദ്ധ്യാത്മികതയും ആത്മീയ അനുഭവവും ഈ രചനകളിൽ ദൃശ്യമാണ്. ശാന്തതയിലും പ്രാർത്ഥനയിലും ദൈവവുമായുള്ള ബന്ധത്തിലും ദൃഢമായ വിശ്വാസത്തിലും ജീവിച്ചവരാണ് ഈ സഭാപിതാക്കന്മാർ. അവരുടെ ഗീതങ്ങളിൽ ഇത് വളരെ വ്യക്തവുമാണ്. അവയിൽ ചിലത് അതിന്റെ സ്വഭാവത്തിൽ പ്രബോധനപരവും, ചിലത് വിശ്വാസ പരിശീലനത്തിനും വേണ്ടിയുള്ളതാണ്. ഈ ഗീതങ്ങൾ അവയുടെ മൗതീക സ്വഭാവത്തിൽ ഏറെ സമ്പന്നവും ദൈവാനുഭവത്തിലേക്ക് വിശ്വാസ സമൂഹത്തെ ഉയർത്തുവാൻ കഴിയുന്നതുമാണ്.

### 21. ആരാധനയിലെ പൂർണ്ണവും സജീവവും ബോധപൂർവ്വവുമായ പങ്കാളിത്തം

ആരാധന അനുഭവവേദ്യമാകുവാൻ മൂന്ന് പ്രധാന കാര്യങ്ങളാണ് ആരാധനക്രമത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖയിൽ (SC 14) പറയുന്നത്: ആരാധനയിൽ പൂർണ്ണമായും സജീവമായും ബോധപൂർവ്വവും പങ്കുചേരണം (full, active and conscious participation). പൂർണ്ണവും സജീവവും ബോധപൂർവ്വവുമായ ഭാഗഭാഗിത്വത്തിലൂടെയാണ് ആരാധന നമുക്ക് അനുഭവവേദ്യമാകുന്നത്. പൂർണ്ണമായും എന്നത് തുടക്കം മുതൽ അവസാനംവരെ മുഴുവൻ സമയവും പങ്കെടുക്കുക എന്ന അർത്ഥത്തിൽ മാത്രമല്ല, മറിച്ച്, ആരാധനയിൽ ശരീരംകൊണ്ട് പങ്കെടുക്കുന്നതുപോലെ മനസ്സും ഹൃദയവും ചിന്തയും ശ്രദ്ധയും ഒക്കെ അവിടെയുണ്ടാകണമെന്നർത്ഥം. സജീവമായി പങ്കുചേരണമെന്ന് പറഞ്ഞാൽ, യാന്ത്രികമായും നിർജീവമായും (passive) പങ്കുചേരേണ്ടതല്ല യഥാർത്ഥ ആരാധന എന്നർത്ഥം. ബോധപൂർവ്വം എന്നാൽ പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും അർത്ഥം വ്യക്തമായി മനസ്സിലാക്കി, അത് ഉൾക്കൊണ്ട് പങ്കുചേരുക എന്നർത്ഥം. അർത്ഥം മനസ്സിലാക്കി അതിൽ നാം എങ്ങനെ പങ്കുചേരുന്നു എന്നതിനെ ആശ്രയിച്ചാണ് ആരാധന അനുഭവമായി മാറുന്നത്. പ്രാർത്ഥനയിലെ

www.malankaralibrary.com

സജീവ പങ്കാളിത്തം ഒരു വ്യക്തിയെ രൂപാന്തരപ്പെടുത്തുകയും പുതുക്കുകയും ചെയ്യും. അതിലൂടെ ഒരു ദൈവിക അനുഭവത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. ആരാധനയിലെ സജീവ പങ്കാളിത്തം വിശ്വാസികളുടെ ക്രിസ്തീയ ജീവിതത്തിന് വർധമാനമായ ഉണർവ് നൽകുന്നു (SC 1). ആന്തരികവും ബാഹ്യവുമായ സജീവ ഭാഗഭാഗത്വത്തെപ്പറ്റിയും കൗൺസിൽ പറയുന്നു (SC 19, 30, 55). ആരാധനയിൽ ദൈവവുമായുള്ള കണ്ടുമുട്ടലിന്റെ അനുഭവം പൂർണ്ണമാകുവാൻ സജീവവും പൂർണ്ണവും ബോധപൂർവ്വവുമായ പങ്കുചേരൽ അത്യാവശ്യമാണ്. ഇത് ശ്രദ്ധാപൂർവ്വം വചനം ശ്രവിക്കുന്നതിലൂടെയും വിശ്വാസത്തോടെയും ഭക്തിയോടെയും കൂദാശകൾ സ്വീകരിക്കുന്നതിലൂടെയും സാദ്ധ്യമാകുന്നു.

### 22. ആരാധനയിൽ സജീവമായി പങ്കുചേരുവാനുള്ള മാർഗ്ഗങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാഘോഷങ്ങളിലെ സെദറാ പ്രാർത്ഥനകൾ, പെങ്കീസോ നമസ്ക്കാരത്തിലെ പ്രാർത്ഥനകൾ, അഷ്ഠരാഗങ്ങളിലുള്ള ഗീതങ്ങൾ, യാമപ്രാർത്ഥനകൾ, കൂദാശകൾ, പെരുനാളുകൾ എന്നിവയിലാണ് സഭയുടെ വിശ്വാസവും ദൈവശാസ്ത്രവും വ്യക്തമായി പ്രതിഫലിക്കുകയും വെളിപ്പെടുകയും ചെയ്യുന്നത്. സഭയുടെ വിശ്വാസത്തിലും ദൈവശാസ്ത്രത്തിലും വളരുകയും ആഴപ്പെടുകയും ചെയ്യുന്നതിന് പ്രാർത്ഥനകളിലും ഗീതങ്ങളിലും സജീവമായും പൂർണ്ണമായും ബോധപൂർവ്വവും പങ്കുചേരണം. ആരാധനയിൽ അത്തരത്തിലുള്ള പങ്കുചേരലിന് താഴെപറയുന്ന കാര്യങ്ങൾ പ്രധാനപ്പെട്ടവയാണ്:

#### 22.1. ആരാധനയുടെ വ്യത്യസ്ത മാനങ്ങളും സവിശേഷതകളും പഠിക്കുക.

വി.ഗ്രന്ഥം, സഭാപിതാക്കന്മാരുടെ പ്രബോധനം, ദൈവശാസ്ത്രം, സന്യാസചൈതന്യം, രഹസ്യാത്മകത എന്നിവകൊണ്ട് അടയാളപ്പെട്ടതാണ് മലങ്കര ആരാധനക്രമം. ആരാധനയിൽ ഫലപ്രദമായി പങ്കുചേരുവാൻ മേൽപറഞ്ഞ സവിശേഷതകളെല്ലാം ആഴത്തിൽ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ആരാധനയുടെ ഗ്രന്ഥങ്ങൾ, ബൈബിൾ പ്രതീകങ്ങൾ, അടയാളങ്ങൾ, സാദൃശ്യങ്ങൾ, സന്യാസബന്ധിതമായ പ്രബോധനം, സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം, ഭക്തിനിർഭരമായ ചൈതന്യം എന്നിവകൊണ്ട് ആരാധനക്രമം നിറഞ്ഞു നിൽക്കുന്നു. പെങ്കീസോ പ്രാർത്ഥനകളുടെയും കൂദാശകളുടെയും തിരുനാളുകളുടെയും സെദറാ

www.malankaralibrary.com

പ്രാർത്ഥനകളുടെ ഉറവിടവും ഉള്ളടക്കവും സഭാപിതാക്കന്മാരുടെ മെമ്രാകളും, തിരുനാൾ പ്രസംഗങ്ങളുമാണ്.

**22.2. ആരാധനയിലുള്ള പെസഹാരഹസ്യങ്ങളെ അനുസ്മരിക്കുക**

ആരാധന യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ അനുസ്മരണമാണ്. മലങ്കര ആരാധനക്രമത്തിൽ, പ്രത്യേകിച്ച് വി. കുർബാനയിൽ, കർത്താവിന്റെ മുഴുവൻ ജീവിതവും വിശ്വാസികൾ അനുസ്മരിക്കുന്നു – നാഥാ നിൻ ജനനം, സ്നാനം, പീഢ, ക്രൂശേറ്റം, മൃതി, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിനെ അയയ്ക്കൽ... സജീവമായ പങ്കാളിത്തത്തിലൂടെയും പൂർണ്ണമായ ശ്രദ്ധയിലൂടെയും ഈ പെസഹാരഹസ്യങ്ങളെയും അവയുടെ ദൈവശാസ്ത്രത്തെയും അനുസ്മരിക്കുവാനും മനസ്സിലാക്കുവാനും വിശ്വാസികൾക്ക് സാധിക്കും.

**22.3. പാപപരിഹാരത്തിന്റെ ആവശ്യകതയും വിശുദ്ധീകരണവും ആരാധന ഓർമ്മപ്പെടുത്തുന്നു**

അന്ത്യോക്യൻ ആരാധനക്രമം പാപത്തെക്കുറിച്ചും പാപബോധ്യത്തെക്കുറിച്ചും പാപപരിഹാരത്തെക്കുറിച്ചും നമുക്ക് വ്യക്തമായ ചിന്തകൾ നൽകുന്നു. കുമ്പസാരമെന്ന കൂദാശയിലൂടെ മാത്രമല്ല, ശുബ്ക്കോനോ ശുശ്രൂഷ, നോമ്പിന്റെ പ്രാർത്ഥനകൾ, മാമ്മോദീസാ, വി. കുർബാന, രോഗീലേപനം എന്നീ കൂദാശകളിലൂടെയും പാപമോചനം ലഭ്യമാകുന്നു. അതോടൊപ്പം വി. കുർബാനയിലൂടെ, പ്രത്യേകിച്ച്, പാപപരിഹാര പ്രാർത്ഥനയായ ഹൂസോയോയിലൂടെ പാപപരിഹാരവും പാപമോചനവും ലഭിക്കുന്നു എന്നാണ് പാശ്ചാത്യ സുറിയാനി ആരാധന നമ്മെ പഠിപ്പിക്കുന്നത്.

**22.4. ആരാധനയിലൂടെ യഥാർത്ഥമായ ക്രിസ്താനുഭവം നേടുവാനുള്ള ആഗ്രഹം വളർത്തുക**

ആരാധനയിലെ സജീവ പങ്കാളിത്വത്തിലൂടെ യഥാർത്ഥമായ ക്രിസ്താനുഭവം നേടുന്നതിന് വിശ്വാസികൾക്ക് സാധിക്കുന്നു. ആരാധനയിൽ ക്രിസ്തുവിനെ അനുഭവിക്കുക എന്നു പറഞ്ഞാൽ, ക്രിസ്തുവിനെ കൂടുതൽ അടുത്തറിയുകയും ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുചേരുകയും ചെയ്യുക എന്നതാണ്.

**22.5. ആരാധനയുടെ വി. ഗ്രന്ഥാടിസ്ഥാനം മനസിലാക്കുക**

മലങ്കര ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളുമെല്ലാം വി. ഗ്രന്ഥാധിഷ്ഠിതമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ രഹസ്യ

www.malankaralibrary.com

ങ്ങളായ പരിശുദ്ധ ത്രിത്വം, മനുഷ്യവതാരം, സ്ലീബാ, കർത്താവിന്റെ ഉത്ഥാനം, രണ്ടാം വരവ്, സഭ, ദൈവമാതാവ്, വിശുദ്ധന്മാരോടുള്ള സംസർഗം, വാങ്ങിപ്പോയവർ....... ഇവയെല്ലാം വി. ഗ്രന്ഥത്തിന്റെ പശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രാർത്ഥനകളിലും ഗീതങ്ങളിലും ശ്രദ്ധയോടെ പങ്കെടുക്കുന്നതുവഴി ആരാധനയിലെ വി. ഗ്രന്ഥാടിസ്ഥാനം നന്നായി മനസിലാക്കുവാൻ സാധിക്കും.

### 22.6. പ്രാർത്ഥനകളിലും ഗീതങ്ങളിലും അടങ്ങിയിരിക്കുന്ന ആരാധനക്രമ ദൈവശാസ്ത്രം മനസിലാക്കുക

മലങ്കര ആരാധനക്രമം പ്രബോധനത്തിന്റെയും വിശ്വാസപരിശീലനത്തിന്റെയും മാർഗ്ഗംകൂടിയാണ്. ഓരോ തിരുനാളിന്റെയും കൂദാശയുടെയും നീണ്ട സെദറാ പ്രാർത്ഥനകൾ ആരാധനയുടെ ദൈവശാസ്ത്രവും സഭാവിജ്ഞാനീയവും ആത്മീയമാനവും ഉൾക്കൊള്ളുന്നു. ഇത് ആരാധനക്രമ ദൈവശാസ്ത്രം മനസിലാക്കുന്നതിന് ഓരോ വിശ്വാസിയെയും സഹായിക്കുന്നു. ഈ അർത്ഥത്തിൽ മലങ്കര ആരാധനക്രമം, ദൈവശാസ്ത്രത്തിന്റെ ഉറവിടം (locus theologicus) എന്നറിയപ്പെടുന്നു.

www.malankaralibrary.com

അദ്ധ്യായം രണ്ട്

# പൗരസ്ത്യ ആരാധനക്രമവും അന്ത്യോക്യൻ ആരാധന ക്രമത്തിന്റെ സവിശേഷതകളും

## 1. പൗരസ്ത്യ കത്തോലിക്കാ സഭയും ആരാധനാ പാരമ്പര്യങ്ങളും ആരാധനാ കുടുംബങ്ങളും

ആഗോള കത്തോലിക്കാ സഭ പൗരസ്ത്യ-പാശ്ചാത്യ പാരമ്പര്യങ്ങളിലെ 24 സഭകളുടെ കൂട്ടായ്മയാണ്. ഈ സഭകളെല്ലാം പരസ്പരം ഐക്യപ്പെട്ടിരിക്കുന്നെങ്കിലും, ഒരോ സഭയും മറ്റൊന്നിൽനിന്ന് വ്യത്യസ്തമാണ്. ക്രിസ്തീയ പാരമ്പര്യവും സഭയുടെ സാർവത്രികതയും പരിപോഷിപ്പിക്കുന്നതിന് അവശ്യ ഘടകമായി നിൽക്കുന്നതിനാൽ പൗരസ്ത്യ സഭകൾ അവയുടെ സമ്പന്നമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിന്റെ ആവശ്യകത രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ക്രൈസ്തവ ലോകത്തോട്, 'പൗരസ്ത്യവും പാശ്ചാത്യവുമായ രണ്ട് ശ്വാസകോശം കൊണ്ട് ശ്വസിക്കാൻ പഠിക്കണമെന്ന്' ആവശ്യപ്പെട്ടത്. പാശ്ചാത്യ ആരാധനക്രമത്തോടൊപ്പം തന്നെ ആരാധ്യവും പ്രാചീനവുമാണ് പൗരസ്ത്യ ആരാധനക്രമം. പൗരസ്ത്യ കത്തോലിക്കാ സഭകളുടെ ബഹുമാന്യമായ സ്ഥാനത്തെപ്പറ്റി സാർവ്വത്രിക സഭ ഓർമ്മിപ്പിക്കുന്നുണ്ട്. പൗരസ്ത്യ സഭ വ്യത്യസ്തങ്ങളായ 23 റീത്തുകൾ ഉൾക്കൊള്ളുന്നു. ഭാഷയും ആചാരങ്ങളും അംശവസ്ത്രങ്ങളും എല്ലാം വ്യത്യസ്തമാണ്. പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ തന്റെ ചാക്രിക ലേഖനമായ Orientalis Ecclesiae ൽ ഇപ്രകാരം പറയുന്നു: പൗരസ്ത്യ റീത്തിലെ ഓരോ വ്യക്തിയ്ക്കും ആ സഭയുടെ ചരിത്രവും സ്വഭാവവും പാരമ്പര്യവും തനിമയും കാത്തുസൂക്ഷിക്കുവാൻ കടപ്പാടും സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ ഒരേ വിശ്വാസവും, ഒരേ കൂദാശകളും, ഒരേ ഹൈരാർക്കി സംവിധാനവും കാത്തുസൂക്ഷിക്കേണ്ടതും ആവശ്യമാണ്. ഇവയാണ് ഓരോ റീത്തും സാർവ്വത്രിക സഭയുമായി പങ്കുവയ്ക്കുന്നത്. ഓരോ വ്യക്തിഗത റീത്തും മറ്റു റീത്തുകളിൽ നിന്ന് നാലു തരത്തിൽ വ്യത്യസ്തതയുള്ളതാണ് - ആരാധനക്രമം (liturgy), ദൈവശാസ്ത്രം (theology), ആദ്ധ്യാത്മികത (spirituality), കാനോനികത്വം (canonical discipline). താഴെ പറയുന്ന അഞ്ച് ആരാധനാ കുടുംബങ്ങളിൽ ഉൾപ്പെട്ടതാണ് 23 പൗരസ്ത്യ റീത്തുകൾ:

www.malankaralibrary.com

അലക്സാണ്ട്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, ബൈസന്റയിൻ, കാൽഡിയൻ. ഫാ. സേവേറിയൻ സലാവില്ലെ പൗരസ്ത്യ ആരാധന ക്രമത്തിന്റെ ഏഴ് സവിശേഷതകളെപ്പറ്റി പറയുന്നു: 1. ദൈവശാസ്ത്ര പ്രബോധനത്തിന്റെ സമ്പന്നത 2. ഭക്തിപരമായ അരൂപി 3. സന്യാസ ബന്ധിതമായ പ്രബോധനം 4. വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനം 5. സഭാപിതാക്കന്മാരുടെ പ്രബോധനം 6. സംഗീതാത്മകത 7. വൈവിധ്യവും തേജസ്സുറ്റതും ജനകീയവുമായ ആരാധന.

## 2. അന്ത്യോക്യൻ-പാശ്ചാത്യ സുറിയാനി-മലങ്കര ആരാധന ക്രമത്തിന്റെ സവിശേഷതകൾ

ക്രൈസ്തവലോകത്തെ ഏറ്റം മനോഹരവും ആകർഷകവും ഹൃദ്യവുമായ ആരാധനക്രമമാണ് അന്ത്യോക്യൻ ആരാധനക്രമം. ഈ ആരാധനക്രമം മറ്റൊന്നുമായി താരതമ്യപ്പെടുത്തുവാൻപോലും കഴിയാത്ത തരത്തിലുള്ള മനോഹാരിത, സുറിയാനി സംഗീതത്തിന്റെ വശ്യത, അടയാളങ്ങൾ, പ്രതീകങ്ങൾ, വി. ഗ്രന്ഥാധിഷ്ഠിതത്വം, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ, സന്യാസ ചൈതന്യം എന്നീ സവിശേഷതകളാൽ നിറഞ്ഞു നിൽക്കുന്നു. മലങ്കര ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനവും പ്രായോഗിക ജീവിതത്തിന്റെ തത്വങ്ങളും ഉൾക്കൊള്ളുന്നതാണ് ആരാധനക്രമ ഗ്രന്ഥങ്ങൾ. നിരവധി ബൈബിൾ പ്രതീകങ്ങൾ, അടയാളങ്ങൾ, ഉദ്ധരണികൾ, ആത്മീയ പ്രബോധനങ്ങൾ, സഭാപിതാക്കന്മാരുടെ ധ്യാന ചിന്തകൾ എന്നിവകൊണ്ട് ഈ ആരാധനക്രമം വ്യത്യസ്തത പുലർത്തുന്നു. ആരാധനയിൽ ഉപയോഗിക്കുന്ന സെദറാ പ്രാർത്ഥനകളുടെ ഉറവിടം സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും തിരുനാൾ പ്രസംഗങ്ങളുമാണ്. വ്യത്യസ്തമായ നിരവധി സുറിയാനി കീർത്തനങ്ങൾ ഈ ആരാധനക്രമത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. എല്ലാ പ്രാർത്ഥനകളും ഗീതങ്ങളും മനോഹരവും സമ്പന്നവുമായ ആരാധനക്രമ ദൈവശാസ്ത്രത്തെ സൂചിപ്പിക്കുന്നു.

**1. യേശുക്രിസ്തുവിൽ പൂർണ്ണമായ വെളിപാടിന്റെ ചരിത്രത്തിന്റെ അനുസ്മരണം.** പ്രപഞ്ചസൃഷ്ടി മുതലുള്ള പഴയനിയമ സംഭവങ്ങളും നമ്മുടെ കർത്താവിന്റെ ജീവിതം മുഴുവനും സമഗ്രമായി ആരാധനയിൽ അനുസ്മരിക്കുന്നു. വി. കുർബാനയുടെ തുടക്കത്തിൽ നാം പാടുന്ന ഗീതത്തിൽ അത് വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: നാഥാ നിൻ

www.malankaralibrary.com

ജനനം, സ്നാനം, പീഢ, ക്രൂശേറ്റം, മൃതി, ഉത്ഥാനം, സ്വർഗ്ഗാരോഹണ മെന്നിവയെയും... ഓർത്തീടുന്നീ യാഗത്തിൽ.

**2. ഭയഭക്തി ബഹുമാനം –** ഏശയ്യാ പ്രവാചകന് ദർശനം ഉണ്ടായതു പോലെ (ഏശ.6:1–13) അത്ഭുതവും ഭയവും ബഹുമാനവും അനുഭവ വേദ്യമാകുന്ന ആരാധനയാണ് ഇത്. മദ്ബഹായെ സ്വർഗ്ഗമായും ബലിപീഠം ദൈവത്തിന്റെ സിംഹാസനമായും, ശുശ്രൂഷകർ മാലാഖമാരായും വിശേഷിപ്പിക്കപ്പെടുന്നു. ഭയഭക്തി ബഹുമാനത്തോടെ സംബന്ധി ക്കുവാൻ ആരാധന ജനത്തെ സഹായിക്കുന്നു.

**3. ഈ ആരാധനക്രമം ജനത്തിന്റെ ആരാധനക്രമം എന്നറിയപ്പെടുന്നു.** ആരാധനയിലുടനീളം പ്രാർത്ഥനകളിലും ഗീതങ്ങളിലും പ്രതി വാകൃങ്ങൾ ചൊല്ലുന്നതിനും പ്രത്യുത്തരം നടത്തുന്നതിനും വിശ്വാസ സമൂഹത്തിന് വലിയ പങ്കും ഭാഗഭാഗിത്വവുമുണ്ട്.

**4. പാപബോധവും പശ്ചാത്താപവും ജനിപ്പിക്കുന്ന ആരാധന –** ആരാ ധനയിൽ ദൈവികസാന്നിധ്യത്തിന്റെ മുമ്പാകെ നിൽക്കുന്ന ദൈവ ജനത്തിന് പാപബോധവും കുറവുകളും ബോധ്യപ്പെടുവാൻ ഇടയാകുന്നു. ആരാധനയിലെ ഫലപ്രദവും യഥാർത്ഥവുമായ പങ്കുചേരലിനു അനുതാപത്തിന്റെയും ശുദ്ധീകരണത്തിന്റെയും ആവശ്യകത ബോധ്യ പ്പെടുന്നു.

**5. ആരാധന – ക്രിസ്തീയ ജീവിതത്തിന്റെയും ആദ്ധ്യാത്മികത യുടെയും അടിസ്ഥാനവും ഉറവിടവും കേന്ദ്രവുമാണ്.**

ആരാധന ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും ഉറവിടവും എന്ന നിലയിൽ ദൈവജനത്തെ ആരാധനാധിഷ്ഠിതവും ആത്മീയവുമായ ജീവിതത്തിന് സഹായിക്കുന്നു.

**6. ആരാധന – സ്വർഗ്ഗീയവും ഭൗമികവും, ദൈവികവും മാനുഷിക വുമാണ്.**

ആരാധന ഒരു മാനുഷിക പ്രവർത്തി മാത്രമല്ല, മറിച്ച് ക്രിസ്തു പ്രവർത്തിക്കുകയും നാം പ്രത്യുത്തരിക്കുകയും ചെയ്യുന്ന ദൈവ– മനുഷ്യ സംസർഗ്ഗമാണ്.

**7. യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന് ഏറെ ഊന്നൽ നൽകുന്ന ആരാധന.**

ആരാധന യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന് വലിയ പ്രാധ്യാനം നൽക്കുന്നു. പ്രത്യേകിച്ച് കൃംതാക്കാലത്തെ പ്രാർത്ഥനകളും ഗീതങ്ങളും,

www.malankaralibrary.com

ക്യംതായ്ക്ക് ശേഷമുള്ള ഹേവോറോ കാലവും ഇതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ആരാധനക്രമ ഗീതങ്ങളും പ്രാർത്ഥനകളും പ്രതീകാത്മക കർമങ്ങളും ഉത്ഥാനത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. വിശ്വാസികളുടെ ആത്മീയ വീണ്ടുംജനനത്തെയും പുതുക്കപ്പെടലിനെയും ഉത്ഥാനത്തിന് ഊന്നൽ നൽകിയുള്ള പ്രാർത്ഥനകളും ഗീതങ്ങളും സൂചിപ്പിക്കുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനേക്കാൾ, ഉത്ഥിതനായ കർത്താവിനുള്ള വലിയ പ്രാധാന്യം ആരാധനക്രമത്തിൽ വ്യക്തമാണ്. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് നമ്മുടെ ദൈവാലയങ്ങളിൽ ക്രൂശിതരൂപം ഉള്ള കുരിശ് ഉപയോഗിക്കാത്തത്.

**8. പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും പങ്കും ആവാസവും.** വിശ്വാസികളെ ആത്മീയമായി ഒരുക്കുന്നതിലും കൂദാശകളുടെ പരികർമ്മത്തിലും ക്രിസ്തുവുമായി അവരെ ഐക്യപ്പെടുത്തുന്നതിലും പരിശുദ്ധാത്മാവിന് വലിയ പങ്കുണ്ട്. അതോടൊപ്പം വിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുവാനും വിശുദ്ധിയിൽ വളരുവാനും പരിശുദ്ധാത്മാവ് വിശ്വാസികളെ ശക്തിപ്പെടുത്തുന്നു. വി. കുർബാനയിലെ റൂഹാക്ഷണവും, റൂഹാ ആവാസവും ഏറെ പ്രധാനപ്പെട്ടതാണ്. പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് പരിശുദ്ധ കുർബാനമേൽ ആവസിക്കുന്നത് അനുസ്മരിച്ചുകൊണ്ട് ശുശ്രൂഷകൻ ചൊല്ലുന്നു: "ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗമാകുന്ന ഉയരങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി സമർപ്പിതമായിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്ന ഈ സമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു''. തുടർന്നുള്ള പ്രാർത്ഥനയിൽ വൈദികൻ ഇപ്രകാരം ചൊല്ലുന്നു - "പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ ദൈവമായ കർത്താവിന്റെ ശരീരമാക്കി പൂർത്തിയാക്കട്ടെ,..... പരിശുദ്ധാത്മാവ് ആവസിച്ച് ഈ കാസായെ ദൈവമായ കർത്താവിന്റെ രക്തമാക്കി പൂർത്തിയാക്കട്ടെ". പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരവും രക്തവുമായി രൂപാന്തരപ്പെടുക മാത്രമല്ല, ആ തിരുശരീര രക്തങ്ങളിൽ പങ്കുചേരുന്ന വിശ്വാസ സമൂഹവും രൂപാന്തരപ്പെടുന്നു, തിരുശരീര രക്തങ്ങളിൽ പങ്കുചേരുവാൻ അവർ യോഗ്യരാക്കപ്പെടുന്നു, വെടിപ്പാക്കപ്പെടുന്നു.

**9. ക്രിസ്താനുഭവം സാധ്യമാകുന്ന ആരാധനക്രമം.** യേശുക്രിസ്തുവിന്റെ ജീവിതം, മരണം, ഉത്ഥാനം എന്നിവ ആരാധനയിൽ

www.malankaralibrary.com

അനുസ്മരിക്കുന്നതിലൂടെ, ഒരു ആത്മീയ രൂപാന്തരീകരണവും ക്രിസ്തുവുമായുള്ള ഐക്യവും സാധ്യമാക്കുന്നു. ആരാധനയിലൂടെ ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാനും അനുഭവിച്ചറി യുവാനും ഇടയാക്കുന്നു. നല്ല ഒരുക്കത്തോടും ഭക്തിയോടും സജീവ മായും ബോധപൂർവ്വവും അനുകൂലവുമായ മനോഭാവത്തോടും ആരാ ധനയിൽ സംബന്ധിച്ചാൽ മാത്രമെ ക്രിസ്താനുഭവവും സ്വർഗ്ഗീയ അനു ഭവവും, ക്രിസ്തുവിലേക്കുള്ള രൂപാന്തരീകരണവും സാദ്ധ്യമാവു കയുള്ളു. ആരാധന ദൈവവുമായുള്ള ബന്ധത്തിൽ വളരുന്നതിനുള്ള മാർഗ്ഗമാണ്. അത് സാധ്യമാകുന്നത് യേശുക്രിസ്തുവിലൂടെയാണ്. ആരാ ധനയിലെ സജീവമായ പങ്കാളിത്തം നമ്മുടെ വിശ്വാസത്തെ ആഴപ്പെ ടുത്തുന്നതിന് സഹായിക്കുന്നു. ക്രിസ്താനുഭവം സ്വന്തമാക്കുന്നതിന് നമ്മുടെ കണ്ണുകളും കാതുകളും തുറക്കുകയും, യേശുക്രിസ്തുവാകുന്ന വ്യക്തിയിലേക്ക് നമ്മുടെ ഹൃദയവും മനസ്സും കേന്ദ്രീകരിക്കുകയും ചെയ്യണം.

**10. വിശുദ്ധ ദൈവമാതാവിന് വലിയ പ്രാധാന്യവും പങ്കും ആരാധ നയിലുണ്ട്.** ആരാധനയിൽ വിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുവാൻ പ്രധാനമായും ഉപയോഗിക്കുന്ന 2 വാക്കുകളാണ് ദൈവമാതാവ് (ഏമോ ദാലോഹോ) എന്നതും, ദൈവപ്രസവിത്രി/ദൈവജനനി (യൊൽദാസ് ആലോഹോ) എന്നതും. വാരചക്രത്തിലെ ബുധൻ എന്ന ദിവസം മുഴുവൻ വിശുദ്ധ ദൈവമാതാവിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. അതുപോലെ, കൗമായിൽ 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന നാം ചൊല്ലുന്നു. യാമപ്രാർത്ഥനകളിലും, വി. കുർബാനയിലും വിശുദ്ധ മറിയത്തെ നിര വധി പ്രാവശ്യം അനുസ്മരിക്കുന്നു. അതോടൊപ്പം ആണ്ടുവട്ടത്തിൽ നിര വധി തിരുനാളുകൾ വിശുദ്ധ ദൈവമാതാവിന്റേതായി നാം ആചരി ക്കുന്നു. വചനിപ്പു തിരുനാൾ (മാർച്ച് 25), ദൈവമാതാവിന്റെ ജനനപ്പെ രുനാൾ (സെപ്റ്റംബർ 8), ദൈവമാതാവിന്റെ ദേവാലയപ്രവേശനം (നവംബർ 21), ദൈവമാതാവിന്റെ അമലോത്ഭവം (ഡിസംബർ 8), ദൈവമാതാവിന്റെ പുകഴ്ച (ഡിസംബർ 26), വിത്തുകളെപ്രതിയുള്ള ദൈവമാതാവിന്റെ ഓർമ്മ (ജനുവരി 15), കതിരുകളെ പ്രതിയുള്ള ദൈവമാതാവിന്റെ ഓർമ്മ (മെയ് 15), ദൈവമാതാവിന്റെ സ്വർഗ്ഗാരോ പണം (ഓഗസ്റ്റ് 15) എന്നീ മരിയൻ തിരുനാളുകളും സഭയിൽ ആഘോ ഷമായി നടത്തപ്പെടുന്നു. വി.കുർബാനയിൽ 16 പ്രാവശ്യം വിശുദ്ധ ദൈവ മാതാവിനെ നാം അനുസ്മരിക്കുന്നു. വി. കുർബാനയുടെ ഒരുക്ക

www.malankaralibrary.com

ശുശ്രൂഷയിൽ 5 പ്രാവശ്യം കാർമ്മികൻ രഹസ്യമായും (private commemoration), 11 പ്രാവശ്യം പരസ്യമായും (public commemoration) ദൈവ മാതാവിനെ അനുസ്മരിക്കുന്നു.

**11. പരിശുദ്ധ ത്രിത്വനാമത്തിന് വലിയ സ്ഥാനം** ആരാധനയിലുണ്ട്. കൗമാപ്രാർത്ഥന ആരംഭിക്കുന്നത് ത്രിത്വൈക സ്തുതിയോടും, പ്രാർത്ഥനകളൊക്കെ അവസാനിപ്പിക്കുന്നത് എപ്പോഴും ത്രിത്വത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിക്കൊണ്ടുമാണ്.

**12. വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും** അവരെ അനുസ്മരിക്കലും ആരാധനക്രമത്തിൽ ഉടനീളം കാണുവാൻ സാധിക്കും. ഓരോ ദിവസത്തെയും യാമ പ്രാർത്ഥനകളിലും (ശ്ഹീമോ) മറ്റു പ്രാർത്ഥനകളിലും വാങ്ങിപ്പോയവരെ നാം പ്രത്യേകം അനുസ്മരിക്കുന്നു. കൊഹനേ ഞായറാഴ്ച വാങ്ങിപ്പോയ സകല ആചാര്യന്മാരെയും, ആനീദെ ഞായറാഴ്ച വാങ്ങിപ്പോയ സകല വിശ്വാസികളെയും പ്രത്യേകമായി അനുസ്മരിക്കുന്നു. ആഴ്ചവട്ടത്തിൽ ശനിയാഴ്ച, വാങ്ങിപ്പോയ സകല ആചാര്യന്മാരെയും പരേതരെയും അനുസ്മരിക്കുന്നു. വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള ഈ പ്രാർത്ഥനകൾ ആത്മാവിന്റെ അമർത്യതയിലും വിശുദ്ധന്മാരുടെ സംസർഗത്തിലും ഉത്ഥാനത്തിന്റെ പ്രത്യാശയിലുമുള്ള വിശ്വാസത്തെ വെളിപ്പെടുത്തുന്നു. വി. കുർബാനയിൽ രഹസ്യശുശ്രൂഷയിലും, പരസ്യശുശ്രൂഷയിലുമായി 22 പ്രാവശ്യം വാങ്ങിപ്പോയവരെ നാം അനുസ്മരിക്കുന്നുണ്ട്. വി. കുർബാനയിൽ രഹസ്യമായി എട്ടു പ്രാവശ്യം (ഒരുക്ക ശുശ്രൂഷയിൽ ആറുപ്രാവശ്യവും, വിശ്വാസപ്രമാണ സമയത്തുള്ള രഹസ്യ പ്രാർത്ഥനയിൽ ഒരു പ്രാവശ്യവും, വി. കുർബാനക്ക് ശേഷം ത്രോണോസിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമം ചെയ്തുള്ള രഹസ്യ പ്രാർത്ഥനയിൽ ഒരു പ്രാവശ്യവും) വാങ്ങിപ്പോയവരെ അനുസ്മരിക്കുന്നു. വി. കുർബാനയുടെ പരസ്യ ശുശ്രൂഷയിൽ പതിനാലു പ്രാവശ്യം വാങ്ങിപ്പോയവരെ നാം അനുസ്മരിക്കുന്നു.

**13. വേദപുസ്തകാധിഷ്ഠിതത്വം (Biblical basis)**

ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളുമെല്ലാം വേദപുസ്തകവചനങ്ങളെ അടിസ്ഥാനപ്പെടുത്തി സഭാപിതാക്കന്മാർ തയ്യാറാക്കിയിട്ടുള്ളതാണ്. മലങ്കര ആരാധനക്രമത്തിലെ എല്ലാ കൂദാശകളുടെയും, പെരുന്നാളുകളുടെയും, ശുശ്രൂഷകളുടെയും

www.malankaralibrary.com

പ്രാർത്ഥനകളും ഗീതങ്ങളും, ബൈബിൾ ഉദ്ധരണികളോ, ബൈബിൾ പരാമർശങ്ങളോകൊണ്ട് ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്. വേദപുസ്തകവായനകളും, അതോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുമൊക്കെ യഹൂദ സിനഗോഗുകളിലെ ശുശ്രൂഷകളെ അനുകരിച്ചുള്ളതാണ്. വി. കുർബാന, കൂദാശകൾ, തിരുനാളുകൾ, യാമപ്രാർത്ഥനകൾ എന്നിവയോടൊപ്പം വചനശുശ്രൂഷയും അതിന്റെ ഭാഗമായുണ്ട്. പഴയനിയമവും ലേഖനങ്ങളും സുവിശേഷവും അതോടൊപ്പം വായിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ രഹസ്യങ്ങളായ പരിശുദ്ധ ത്രിത്വം, മനുഷ്യാവതാരം, കുരിശ്, രക്ഷകന്റെ ഉയിർപ്പ്, രണ്ടാംവരവ്, വിശുദ്ധ മറിയം, വിശുദ്ധന്മാരുടെ സംസർഗ്ഗം, വാങ്ങിപ്പോയവർ, ക്രിസ്തുവിന്റെ മണവാട്ടിയായ സഭ...ഇവയെല്ലാം പ്രാർത്ഥനകളിലും ഗീതങ്ങളിലും അവതരിപ്പിച്ചിരിക്കുന്നത് വേദപുസ്തക പ്രബോധനങ്ങളുടെ പശ്ചാത്തലത്തിലാണ്. പ്രാർത്ഥനകളിലും ഗീതങ്ങളിലുമുള്ള വാക്കുകളും ശൈലികളും വേദപുസ്തകാധിഷ്ഠിതമാണ്. ഉദാഹരണത്തിന്, വി. കുർബാന പരസ്യമായി ആരംഭിക്കുന്നതിനുമുമ്പ് പാടുന്ന ഗീതങ്ങൾ: “കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും...” (സംഖ്യ 16:47), “കടലതിൽ യൗനാനെന്നപോലെ കനിയുക ദാസന്മാരിലെന്നും” (യോനാ. 2:3-10), “മരണത്തെ നീക്കിയ ഫിനഹാസിൻ പ്രാർത്ഥനയുംപോൽ...” (സംഖ്യ 25:7-11)

### 14. ആരാധനയുടെ രഹസ്യാത്മകത (Mystery aspect of Liturgy)

സുറിയാനി പാരമ്പര്യത്തിൽ വി. കൂദാശകളെ ‘വിശുദ്ധ രഹസ്യം’ (റോസോ) എന്നാണ് വിളിക്കുന്നത്. വി. കുർബാനയെ വിശേഷിപ്പിക്കുന്നതും ‘വിശുദ്ധ രഹസ്യം’ എന്നാണ്. മനുഷ്യബുദ്ധികൊണ്ട് മനസ്സിലാക്കുവാൻ സാധിക്കാത്തതാണ് കൂദാശകളുടെ/വി. കുർബാനയുടെ പൊരുളും അർത്ഥവും. ദൈവസാന്നിദ്ധ്യത്തിന്റെ മുമ്പിൽ മാലാഖമാർപോലും വിറയ്ക്കുന്നുവെന്നും അവർ തങ്ങളുടെ മുഖം ചിറകുകൾകൊണ്ട് മൂടികൊണ്ടാണ് ദൈവസന്നിധിയിൽ നിൽക്കുന്നതെന്നും പ്രാർത്ഥനകളിൽ നാം കാണുന്നു. മനുഷ്യന്റെ നഗ്നമായ നേത്രങ്ങൾക്കും ബുദ്ധിക്കും ദൈവസാന്നിദ്ധ്യത്തെ നേരിട്ട് കാണാനും മനസ്സിലാക്കാനും ശക്തിയില്ലാത്തതിനാൽ ദൈവസാന്നിദ്ധ്യത്തെ രഹസ്യാത്മകമായാണ് ചിത്രീകരിച്ചിരിക്കുന്നത്. മദ്ബഹാ തിരശീലയിട്ട് മറച്ചിരിക്കുന്നതും ഇതിനെ സൂചിപ്പിക്കുന്നു.

www.malankaralibrary.com

### 15. അടയാളങ്ങളും പ്രതീകങ്ങളും (Signs and Symbols)

അടയാളങ്ങളും പ്രതീകങ്ങളും ദൈവീക രഹസ്യങ്ങളെയും ദൈവീക കാര്യങ്ങളെയും നന്നായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. ദൃശ്യമായ അടയാളങ്ങളിലൂടെ അദൃശ്യമായ ദൈവിക സാന്നിധ്യവും ദൈവാനുഭവവും സ്വന്തമാക്കുവാൻ നമുക്ക് ഇടയാകുന്നു. വി. കുർബാനയിൽ നാം ഉപയോഗിക്കുന്ന അടയാളങ്ങളായ ത്രോണോസിനു ചുറ്റുമുള്ള പ്രദക്ഷിണം, കുരിശുവരയ്ക്കൽ, ശോശപ്പ ആഘോഷം, ധൂപക്കുറ്റി വാഴ്വ്, ചിത്തോല, മർബഹാസ..... ഇവയെല്ലാം വളരെ അർത്ഥവത്തായ അടയാളങ്ങളും പ്രതീകങ്ങളുമാണ്.

### 16. ആവർത്തന പ്രകൃതം (Nature of repetitions)

അന്ത്യോക്യൻ ആരാധനക്രമത്തിന്റെ മറ്റൊരു സവിശേഷതയാണ് ആവർത്തനപ്രകൃതം. ആവർത്തന പ്രകൃതത്തിലൂടെ വിശ്വാസികൾക്ക് ആഴമായ ബോധ്യവും ഭക്തിയും ഏകാഗ്രതയും ലഭ്യമാകുവാൻ ഇടയാക്കുന്നു. ഉദാ: "ദൈവമേ നീ പരിശുദ്ധനാകുന്നു...." എന്ന ത്രൈശുദ്ധ കീർത്തനത്തിലൂടെ ദൈവികരഹസ്യങ്ങളെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുവാൻ ഇടയാകുന്നു. പ്രധാനമായും നാലു തരത്തിലുള്ള ആവർത്തന പ്രകൃതം ആരാധനക്രമത്തിൽ കാണുന്നു:

ഒരേ ആശയം (**same theme**) വിവിധ ഗീതങ്ങളിൽ നാം കാണുന്നു. "മഹിമയോടക്കബെറീന്നു പുറപ്പെട്ടീ....." "ദൈവമുയർത്തു മഹത്വത്തോടാദാമിനെയും....." "മിശിഹാ ജീവിച്ചെഴുന്നേറ്റു...." എന്നിങ്ങനെ ക്യംതാക്കാലത്ത് പാടുന്ന വ്യത്യസ്ത ഗാനങ്ങളെല്ലാം 'ദൈവം ഉയർത്തു' എന്ന ഒരേ ആശയം അവതരിപ്പിക്കുന്നു.

ഒരേ വാക്ക് (**same word**) പല പ്രാവശ്യം ആവർത്തിക്കുന്നു. ഉദാ: പരിശുദ്ധൻ, കുറിയേലായിസോൻ, ബാറെക്മോർ എന്നീ വാക്കുകൾ ആരാധനയിൽ വിവിധ സന്ദർഭങ്ങളിലായി ആവർത്തിക്കുന്നു.

ഒരേ കൃത്യം (**same act**) ആവർത്തിക്കുന്നു. ഉദാ. നാല്പത് കുമ്പിടൽ, 3 പ്രാവശ്യം കുരിശ് വരച്ച് ആശീർവാദം....

ഒരേ പല്ലവി (**same pallavi**) ആവർത്തിക്കപ്പെടുന്നു. ഉദാ: ജനനപ്പെരുനാളിന്റെ സെദറായിൽ "ദൈവമേ, നീ അത്ഭുതമാകുന്നു", ഓശാനയുടെ സെദറാ പ്രാർത്ഥനയിൽ "സ്വയംഭൂവിൽനിന്നുള്ള സ്വയംഭൂവിന് ഓശാന" എന്നിങ്ങനെ ഓരോ പാദത്തിന്റെയും മറുപടിയായി ആവർത്തിച്ചു ചൊല്ലുന്ന പല്ലവികളും ധാരാളം ഉണ്ട്.

www.malankaralibrary.com

### 17. ആരാധനക്രമ ദൈവശാസ്ത്രവും പ്രബോധനവും (Liturgical Theology & Catechesis)

സഭയുടെ ദൈവശാസ്ത്രവും വിശ്വാസസത്യങ്ങളും പഠിക്കുവാനുള്ള മാർഗ്ഗമാണ് ആരാധന. മലങ്കര ആരാധനക്രമത്തിലെ ഗീതങ്ങളിലും പ്രാർത്ഥനകളിലും സഭയുടെ പ്രബോധനങ്ങളും വിശ്വാസസത്യങ്ങളും ദൈവശാസ്ത്രചിന്തകളുമാണ് പ്രധാനമായും ഉൾക്കൊണ്ടിരിക്കുന്നത്. ഓരോ കാലത്തിനും തിരുനാളിനും കൂദാശയ്ക്കും ഉപയോഗിക്കുന്ന സെദറാ പ്രാർത്ഥനയിലും മറ്റു പ്രാർത്ഥനകളിലും, സഭയുടെ വിശ്വാസസത്യങ്ങളും ദൈവശാസ്ത്രചിന്തകളും അടങ്ങിയിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്ന പരിശുദ്ധ ത്രിത്വം, വിശുദ്ധ മറിയം, വിശുദ്ധന്മാർ, വാങ്ങിപ്പോയവർ, തിരുസഭ, സ്ളീബാ, കൂദാശകൾ, പെരുനാളുകൾ.... എന്നിവയുടെ ദൈവശാസ്ത്രവും സഭാപ്രബോധനവും പ്രാർത്ഥനകളിൽ വ്യക്തമാണ്. അങ്ങനെ മലങ്കരസഭയുടെ ദൈവശാസ്ത്രം മുഴുവൻ, പ്രാർത്ഥനകളിലും ഗീതങ്ങളിലും വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു.

### 18. സംഗീതാത്മകം (Musical Liturgy)

സംഗീതം മനസ്സുകളുടെ ഐക്യത്തെ പ്രോത്സാഹിപ്പിക്കുകയും, പ്രാർത്ഥന പ്രസാദകരമാക്കുകയും ആത്മീയ സന്തോഷം വർധിപ്പിക്കുകയും ചെയ്യും. മലങ്കര ആരാധനക്രമം സംഗീതാത്മകമാണ്. ഗാനങ്ങൾ മാത്രമല്ല പ്രാർത്ഥനകൾ പോലും പ്രത്യേക രാഗത്തിലും ട്യൂണിലുമാണ് ചൊല്ലുക. ആരാധനാഗീതങ്ങളുടെ അഷ്ഠ രാഗങ്ങൾ (Ekkaro), അവയുടെ രാഗം, താളം, ഭാവം, ലയം എന്നിവ ഏറെ ആകർഷണീയമാണ്. ആരാധനക്രമ സംഗീതത്തിൽ സുറിയാനി സംഗീതത്തിന് ഉന്നതമായ സ്ഥാനമുണ്ട്. സുറിയാനി സഭാപിതാക്കന്മാർ കവിതകളെഴുതിയിരുന്നത് പ്രാസമനുസരിച്ചാണ്. അക്ഷരമാലയിലെ ഒരേ അക്ഷരം വച്ച് ഓരോ വരിയും തുടങ്ങുന്ന രീതിയും (acrostic), വിവിധ അളവിലും മാത്രകളിലും (metre) എഴുതപ്പെട്ട കവിതകളും ഈ ആരാധനക്രമത്തിന്റെ പ്രത്യേകതകളാണ്. പ്രത്യേകിച്ച് ഓരോ വരിയിലും നാല് സ്വരാക്ഷരങ്ങൾ (Tetra syllabic), അഞ്ച് സ്വരാക്ഷരങ്ങൾ (Penta syllabic), ഏഴു സ്വരാക്ഷരങ്ങൾ (Hepta syllabic), പന്ത്രണ്ട് സ്വരാക്ഷരങ്ങൾ (Dodecca syllabic)

www.malankaralibrary.com

വരുന്ന പിതാക്കന്മാരുടെ മെമ്രാകൾ (ഗദ്യത്തിലും പദ്യത്തിലുമുള്ള ആത്മീയ പ്രസംഗങ്ങൾ), മദ്റോശോ (ഉപദേശം), ആലങ്കാരികമായി കാര്യങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള സുഗീസോ, അനേക പാദങ്ങൾ ചേർന്നുള്ള കോലോകൾ, സങ്കീർത്തന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന എനിയോനോ, അപേക്ഷാഗീതമായ ബോവൂസോ, സങ്കീർത്തന വാക്യങ്ങളടങ്ങുന്ന പെത്ഗോമോ, സ്തുതിപ്പിന്റെ പ്രാർത്ഥനകളായ മാവൂർബോ, മദ്ധ്യസ്ഥ പ്രാർത്ഥനകളായ കുക്കിലിയോൻ, പ്രത്യേക ആശയത്തെ അവതരിപ്പിക്കുന്ന എക്ബോ.... എന്നിവ അന്ത്യോക്യൻ ആരാധനക്രമത്തിന്റെയും സുറിയാനി സംഗീതത്തിന്റെയും പ്രത്യേകതകളാണ്. മാർ അപ്രേം, മാർ ബാലായി, സാറൂഗിലെ മാർ യാക്കോബ്, അന്ത്യോക്യായിലെ ഐസക്, എഡേസായിലെ യാക്കോബ്, ശെമവൂൻ കൂക്കോയോ, അന്ത്യോക്യായിലെ സേവേറിയോസ്, മോസസ് ബർ കേഫാ, ഡയനീഷ്യസ് ബർ സ്ലീബി, മാബൂഗിലെ പീലക്സിനോസ്.... തുടങ്ങിയ പിതാക്കന്മാരും സുറിയാനി പണ്ഡിതരുമാണ് കവിതകൾക്കും സുറിയാനി സംഗീതത്തിനും അമൂല്യമായ സംഭാവനകൾ നല്കിയത്.

### 19. ധൂപാർപ്പണത്തിന്റെ പ്രധാന്യം

അന്ത്യോക്യൻ ആരാധനക്രമത്തിൽ ധൂപാർപ്പണം ഏറെ പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ പഴയനിയമ-യഹൂദ സ്വാധീനം നമുക്ക് കണ്ടെത്താൻ കഴിയും. എല്ലാ കൂദാശകളിലും തിരുനാളുകളിലും യാമ പ്രാർത്ഥനകളിലും ധൂപാർപ്പണം നടത്തുന്നു. ധൂപാർപ്പണം മൂന്നു കാര്യങ്ങളെ സൂചിപ്പിക്കുന്നു - ആരാധനാസമൂഹം വിശുദ്ധീകരിക്കപ്പെടുന്നതിന്റെയും, വിശ്വാസികളുടെ പ്രാർത്ഥന പുകപോലെ ദൈവസന്നിധിയിലേക്ക് ഉയരുന്നതിന്റെയും, വ്യക്തിയെയോ വസ്തുവിനെയോ ആദരിക്കുന്നതിന്റെയും പ്രതീകമാണ് ധൂപാർപ്പണം.

## 3. ആരാധനാ ജീവിതം

ആരാധനാ ജീവിതം ആരാധനയുടെ തുടർച്ചയാണ്. ആരാധനയിൽ പങ്കുചേരുന്ന എതൊരു വ്യക്തിയും യേശുക്രിസ്തുവിലും യേശുക്രിസ്തുവിലൂടെയും വിശുദ്ധമായ ജീവിതം നയിക്കുവാൻ കടപ്പെട്ടവനാണ്. ആരാധനയിലൂടെ സ്വന്തമാക്കിയ ആനന്ദവും സമാധാനവും കാത്തുസൂക്ഷിക്കുകയും, അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും,

www.malankaralibrary.com

അങ്ങനെ സമാധാനപരവും ആനന്ദകരവുമായ ജീവിതം നയിക്കുകയും ചെയ്യേണ്ടതാണ്. വി. കുർബാനയുടെ സമാപന ആശീർവാദത്തിൽ ലഭിക്കുന്ന ആശംസയും അതുതന്നെയാണ് – 'നിങ്ങൾ സന്തോഷിച്ച് ആനന്ദിച്ച് സമാധാനത്തോടെ പോകുവിൻ'. അതിനാൽ ആരാധനാജീവിതം വി. കുർബാനയുടെയും പ്രാർത്ഥനകളുടെയും തുടർച്ചയാണ്. പ്രാർത്ഥനകൾക്കും വി. കുർബാനയർപ്പണത്തിനും ശേഷം ദൈവാലയത്തിൽ അർപ്പിച്ച അതേ ആരാധന ജീവിതത്തിലും തുടരുവാൻ കടപ്പെട്ടിരിക്കുന്നു. അനുദിന ജീവിതത്തിൽ നാം നേരിടുന്ന യാഥാർത്ഥ്യങ്ങളായ കുടുംബം, വിവാഹജീവിതം, പൗരോഹിത്യ-സന്യസ്ത ജീവിതം, കാരുണ്യ പ്രവൃത്തികൾ, വിദ്യാഭ്യാസം, വിശ്വാസപരിശീലനം, സംഘടനാ പ്രവർത്തനങ്ങൾ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾ...... ഇവയെല്ലാം വി. കുർബാനയുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. വി. കുർബാന അർപ്പിക്കുകയും പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്താൽ മാത്രം പോരാ, അർപ്പിച്ച വി. കുർബാനയും ചൊല്ലിയ പ്രാർത്ഥനകളും ആയി നാം മാറുക എന്നതാണ് പ്രധാനം. നിശ്ചയിക്കപ്പെട്ട പ്രാർത്ഥനകളും ആരാധനയും നിർവ്വഹിക്കുക മാത്രമല്ല, നമ്മുടെ പ്രവർത്തികൾ, മനോഭാവം, ജീവിതശൈലി..... മറ്റുള്ളവരെ കാണുമ്പോൾ നമ്മുടെ മുഖത്തു വിരിയുന്ന പുഞ്ചിരിപോലും നാം നന്നായി പ്രാർത്ഥിച്ചു എന്നതിന്റെ അടയാളമാണ്. ചുരുക്കത്തിൽ നമ്മുടെ പ്രാർത്ഥനയും ആരാധനയും ജീവിതവും ഒന്നിച്ചുപോകേണ്ടതാണ്. വി. കുർബാനയിൽ നാം കണ്ടെത്തിയ അതേ ക്രിസ്തുവിനെതന്നെ മറ്റുള്ളവരിലും കാണുകയും കണ്ടുമുട്ടുകയും ചെയ്യണം. വി. മദർ തെരേസാ പറയുന്നതുപോലെ, 'തെരുവുകളിലും വഴികളിലും വി. കുർബാനയിൽ നാം സ്വീകരിച്ച അതേ വ്യക്തിയെ തന്നെയാണ് കണ്ടുമുട്ടുക'. ആരാധനാജീവിതം വിശുദ്ധിയുടെയും സ്നേഹത്തിന്റെയും കരുണയുടെയും കരുതലിന്റെയും എളിമയുടെയും ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവ് തന്റെ ഇടയലേഖനങ്ങളിൽ ആരാധനാജീവിതം നന്നായി നയിക്കുന്നതിനേക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും നിരവധി പ്രാവശ്യം സൂചിപ്പിക്കുന്നുണ്ട്. ആരാധനയും ആരാധനാജീവിതവും ആരാധനക്രമ ആദ്ധ്യാത്മികതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾ വളരെ പ്രസക്തമാണ്:

www.malankaralibrary.com

1. പ്രാർത്ഥനകളും ആരാധനാഘോഷങ്ങളും നമ്മുടെ ഹൃദയത്തെയും ജീവിതത്തേയും സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നുണ്ടോ?
2. ആരാധനയ്ക്കും പ്രാർത്ഥനകൾക്കുംശേഷം നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം സംഭവിക്കുന്നുണ്ടോ?
3. നാം നടത്തുന്ന വിശ്വാസപ്രഖ്യാപനങ്ങളിലും പ്രാർത്ഥനകളിലും നാം യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ?

www.malankaralibrary.com

## അധ്യായം മൂന്ന്

# കർമ്മപദ്ധതി

**ആമുഖം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 സെപ്തംബർ 20 ന് പുനരൈക്യ ശതാബ്ദി ആഘോഷിക്കുവാൻ ഒരുങ്ങുന്ന പശ്ചാത്തലത്തിൽ 2024 മുതൽ 2030 വരെയുള്ള ആറു വർഷക്കാലം ഏഴു വ്യത്യസ്ത വിഷയങ്ങളിൽ അധിഷ്ഠിതമായി സഭയിൽ നവീകരണം നടപ്പിലാക്കാൻ 28-ാമത് സുന്നഹദോസ് തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 2024-2025 വചന വർഷമായി ഉദ്ഘാടനം ചെയ്യപ്പെടുകയും അതുമായി ബന്ധപ്പെട്ട കർമപരിപാടികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

2025-2026 ആരാധനാക്രമ വർഷം (Year of Liturgy) ആയി ആചരിക്കാൻ തീരുമാനിച്ചിരുന്ന പശ്ചാത്തലത്തിൽ അതുമായി ബന്ധപ്പെട്ട ചിന്തകളും കർമപരിപാടികളും അവതരിപ്പിക്കുന്നു. വിശുദ്ധ ലിഖിതത്തിലൂടെ യേശുവിനെ കൂടുതൽ അറിയുവാനും കണ്ടുമുട്ടുവാനും കഴിഞ്ഞവർഷം നാം ശ്രമിച്ചു. ഈ വർഷം ആരാധനയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും ജീവിതത്തിന്റെ ഭാഗമാക്കാനും നാം പരിശ്രമിക്കുകയാണ്. യേശുവിനെക്കുറിച്ചുള്ള അറിവ് യേശുവിനെ ആരാധിക്കുന്നതിലേക്ക് വളരേണ്ടതാണ്. ബൈബിളധിഷ്ഠിത ആത്മീയത ആരാധനാക്രമ ആത്മീയതയിലേക്ക് നയിക്കപ്പെടേണ്ടതാണ്. എല്ലാ വിശ്വാസികളുടെയും പൂർണ്ണവും ബോധപൂർവ്വവും സജീവവുമായ പങ്കാളിത്തം സഭാമാതാവ് ആരാധനയുടെ ആഘോഷത്തിൽ ലക്ഷ്യം വയ്ക്കുന്നു. ഇത് ആരാധനയുടെ അടിസ്ഥാന സ്വഭാവംതന്നെയാണ് (SC 14). അതിനാൽ പൂർണവും സജീവവുമായ ആരാധനയിലെ പങ്കാളിത്തത്തിന് ആരാധനയെകുറിച്ചുള്ള ബോധനം അത്യന്താപേക്ഷിതമാണ്. ആരാധനയെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഇല്ലെങ്കിൽ ആരാധനാക്രമം അനുഷ്ഠാനം മാത്രമായി തരംതാഴും. ചുരുക്കത്തിൽ ആരാധനനാക്രമത്തെകുറിച്ചുള്ള മതിയായ ബോധനത്തിന്റെ ആവശ്യകത ഇവിടെ വ്യക്തമാണ്.

## 1. ആരാധനക്രമ വർഷം - ലക്ഷ്യം

മലങ്കര സുറിയാനി കത്തോലിക്കാ സഭ അന്തോക്യൻ പാരമ്പര്യത്തിൽ നിന്നും കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് പുനരൈക്യ

www.malankaralibrary.com

പ്പെട്ട ഒരു പൗരസ്ത്യ സഭ എന്ന നിലയിൽ ആരാധനക്രമം മലങ്കര സഭയുടെ സ്വത്വത്തെ വെളിപ്പെടുത്തുന്ന അടിസ്ഥാന യാഥാർത്ഥ്യമാണ്. ആരാധനക്രമത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മീകതയുടെ കേന്ദ്രമാണ്. ആരാധന ക്രമ ആദ്ധ്യാത്മികതയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും യേശുവുമായി ആഴപ്പെട്ട വ്യക്തിബന്ധത്തിൽ വളരുവാനും സാധിക്കും. ഈ പശ്ചാത്തലത്തിൽ ആരാധനക്രമ ആധ്യാത്മികതയിലെ കൂദാശകൾ, (പ്രത്യേകിച്ച് കുർബാന, കുമ്പസാരം, മാമോദിസ, സ്ഥൈര്യ ലേപനം, രോഗീലേപനം (വിവാഹം എന്ന കൂദാശയെക്കുറിച്ച് കുടുംബ വർഷത്തിലും, പട്ടത്വത്തെക്കുറിച്ച് ദൈവവിളി വർഷത്തിലും ചർച്ച ചെയ്യുന്നതാണ്) യാമപ്രാർത്ഥനകൾ, നോമ്പിലെ വർജ്ജന-ഉപവാസം, നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ, എന്നിവയെകുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ അറിവും ബോധ്യവും ആരാധനയിലുള്ള അനുഭവവും നൽകുവാൻ ആരാധനക്രമ വർഷം ലക്ഷ്യം വയ്ക്കുന്നു.

## 2. കർമ്മപദ്ധതിക്ക് അടിസ്ഥാനമായ വിഷയങ്ങൾ

1. മലങ്കര ആരാധനാക്രമത്തിന്റെ ആമുഖത്തെക്കുറിച്ചുള്ള ബോധവത്ക്കരണം
2. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ബോധവത്ക്കരണം
3. വിശുദ്ധ കുമ്പസാരത്തെക്കുറിച്ചുള്ള ബോധവത്ക്കരണവും, കുമ്പസാരത്തിന് അവസരം ഒരുക്കലും
4. ഗാർഹിക സഭ - യാമപ്രാർത്ഥനകൾ, നോമ്പ്, വർജ്ജന, ഉപവാസം, മാറാനായ പെരുന്നാളുകൾ എന്നിവയെപ്പറ്റി കുടുംബങ്ങൾക്കുള്ള ബോധവത്ക്കരണം.
5. മദ്ബഹാ ശുശ്രൂഷകർക്കുള്ള ബോധവത്ക്കരണം, ശുശ്രൂഷാ സഹായ പുസ്തകം
6. മാമ്മോദീസ, സ്ഥൈര്യലേപനം, രോഗീലേപനം എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം
7. ആദ്യകുർബാന 3 വർഷത്തിനുള്ളിൽ സ്വീകരിച്ച കുട്ടികൾക്കുള്ള ബോധവത്ക്കരണം

## 3. കർമ്മപദ്ധതി

1. വി. കുർബാനയിൽ സജീവവും ബോധപൂർവ്വവും പൂർണവുമായ ഭാഗഭാഗിത്വത്തിന് പരിശീലനം നൽകുക.

www.malankaralibrary.com

2. മാമോദിസായെകുറിച്ചും സൈഥര്യലേപനത്തെകുറിച്ചും രോഗീലേപനത്തെക്കുറിച്ചും ബോധ്യം നൽകുന്ന പരിശീലനം ക്രമീകരിക്കുക.
3. കുമ്പസാരം എന്ന കൂദാശയെകുറിച്ച് വ്യക്തമായ ബോധ്യം നൽകുക.
4. എല്ലാ ഇടവകകളിലും വിശ്വാസികൾക്ക് പൊതുവായി കുമ്പസാരത്തിന്റെ ഒരുക്കശുശ്രൂഷ നടത്തുകയും എല്ലാവർക്കും കുമ്പസാരിക്കാനുള്ള ക്രമീകരണം നടത്തുകയും ചെയ്യുക.
5. അൾത്താര ശുശ്രൂഷകർക്ക് ആരാധനയുമായി ബന്ധപ്പെട്ട ഉചിതമായ പരിശീലനം നൽകുകയും അവർക്ക് ആവശ്യമായ ലഘുപുസ്തകം നൽകുകയും ചെയ്യുക.
6. ആരാധനയെകുറിച്ച് വിശ്വാസികളിൽ പൊതുവായി നിലനിൽക്കുന്ന സംശയങ്ങൾക്ക് ഉത്തരം നൽകാൻ ഉതകുന്ന ചെറിയ പുസ്തകങ്ങൾ സംലഭ്യമാക്കുക.
7. ആരാധനക്രമ സംഗീതത്തെകുറിച്ചും ഗായകസംഘത്തെകുറിച്ചും വ്യക്തമായ മാർഗരേഖ തയ്യാറാക്കുകയും ആരാധനക്രമ സംഗീതത്തിന് പരിശീലനം നൽകുകയും ചെയ്യുക.
8. ആരാധനക്രമ വിഷയങ്ങളിലുള്ള സംശയം ദൂരീകരിക്കുന്നതിന് മലങ്കര കാത്തലിക് ടീവിയിലൂടെ പദ്ധതികൾ തയ്യാറാക്കുക.
9. വി. കുർബാന, കുമ്പസാരം, മാമ്മോദിസ, സൈഥര്യലേപനം, രോഗീലേപനം, നോമ്പിലെ ഉപവാസവും വർജ്ജ നയും മാറാനായ പെരുന്നാളുകൾ എന്നിവയെകുറിച്ച് ലഘുലേഖകൾ തയ്യാറാക്കി നൽകുക.
10. ആദ്യകുർബാന സ്വീകരിക്കുന്നവർക്ക് അവരുടെ യേശു അനുഭവം ആഴപ്പെടുത്തുന്നതിന് തുടർ പരിശീലനം നൽകുക.
11. കുടുംബങ്ങളിലെ യാമപ്രാർത്ഥന സജീവമാക്കുന്നതിന് ബോധവത്കരണം നൽകുക
12. നോമ്പാചരണത്തിനും നോമ്പിലെ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും വേണ്ടത്ര ബോധ്യം നൽകുന്ന ക്ലാസുകൾ ക്രമീകരിക്കുക.
13. നമ്മുടെ കർത്താവിന്റെ പെരുന്നാളുകളെകുറിച്ചുള്ള ദൈവശാസ്ത്രവും ആരാധനപരവുമായ അറിവ് നൽകുന്ന ക്ലാസുകൾ ക്രമീകരിക്കുക.
14. ആരാധനാക്രമപരമായ അനുഷ്ഠാനങ്ങൾ (തൂക്കാസാ) എല്ലാ ഭദ്രാസനങ്ങളിലും ഒരു പോലെ നടക്കുന്നതിനും അന്തോക്യൻ

www.malankaralibrary.com

ആരാധനാക്രമത്തിന്റെ തനിമ സംരക്ഷിക്കുന്നതിനും വേണ്ട ബോധവത്ക്കരണം നൽകുക.

15. ഭക്താഭ്യാസങ്ങൾ (വിശുദ്ധ കുർബാനയുടെ ആരാധനാ, നൊവേനകൾ, ജപമാല, കുരിശിന്റെ വഴി മുതലായവ) മലങ്കര പാരമ്പര്യത്തിന് അനുസൃതമായി ക്രമീകരിക്കുന്നതിനുള്ള പരിശീലനം നൽകുക.

## 4. പരിശീലന പരിപാടികൾ

### 1. സഭാതലം (റിസോഴ്സ് പേഴ്സൺസ്)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 60 വൈദികജില്ലകളിൽ നിന്നായി 60 വൈദികർക്കും 60 സന്യസ്തർക്കും 60 അൽമായർക്കും സഭാ തലത്തിൽ വ്യത്യസ്ത വിഭാഗങ്ങളായി മൂന്നു ദിവസത്തെ പരിശീലനം നൽകുന്നു.

### 2. ഭദ്രാസനതലം (റിസോഴ്സ് പേഴ്സൺസ്)

സഭാതലത്തിൽ പരിശീലനം നേടിയ വൈദികരും സന്യസ്തരും അല്മായരും ഒന്നിച്ച് ഭദ്രാസനതലത്തിൽ രണ്ടു ദിവസത്തെ പരിശീലനം നേടുന്നു.

### 3. വൈദിക ജില്ലാതലം പരിശീലനം

എ) 60 വൈദിക ജില്ലകളിലും എം.സി.സി.എൽ, എം.സി.വൈ.എം, എം.സി.എം.എഫ്, എം.സി.എ., ഭാരവാഹികൾക്ക് ആരാധനാപരമായ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ഇടവകയിലെ ഭാരവാഹികൾക്കൊപ്പം കഴിവുള്ളവർക്കെല്ലാം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

ബി). 60 വൈദിക ജില്ലകളിലും മദ്ബഹാ ശുശ്രൂഷകർക്ക് പരിശീലനം നൽകുന്നു

സി). 60 വൈദിക ജില്ലകളിലും കഴിഞ്ഞ 3 വർശത്തിനുള്ളിൽ ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾക്ക് കുമ്പസാരം, കുർബാന എന്നിവയെക്കുറിച്ച് പരിശീനലം നൽകുന്നു.

### 4. ഇടവകതല പരിപാടികൾ

2025 സെപ്റ്റംബർ 20 ന് ആരാധനക്രമ വർഷം ഔദ്യോഗികമായി ആരംഭിക്കും. ഓരോ ഇടവകയിലും സെപ്റ്റംബർ 28 ഞായറാഴ്ച ആരാധനക്രമവർഷം ഔദ്യോഗികമായി ആരംഭിക്കേണ്ടതാണ്. പ്രഭാത

www.malankaralibrary.com

പ്രാർത്ഥനയ്ക്കുശേഷം പള്ളിയുടെ പ്രധാന കവാടത്തിൽ നിന്നും ചുവന്ന ഉറാറ കെട്ടിയ കുരിശ് പുരോഹിതൻ വഹിക്കുകയും ഇരുവശങ്ങളിലും കത്തിച്ച തിരി, മർബഹാസ, ധൂപം എന്നിവയുടെ അകമ്പടിയോടെ നമസ്കാര മേശയിലേക്ക് പ്രദക്ഷിണം നടത്തുകയും ചെയ്യുന്നു. ഈ പ്രദക്ഷിണത്തിൽ കത്തിച്ച തിരിയുമായി 7 പേർ സ്ലീബായ്ക്കു പിന്നിലായി നിൽക്കേണ്ടതാണ് (1. വികാരിയുടെ പകരക്കാരനായി തിരി പിടിക്കുന്ന സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, 2. സിസ്റ്റർ (ഇടവകയിൽ സിസ്റ്റേഴ്സ് ഇല്ലെങ്കിൽ ഉചിതമായ മറ്റൊരാൾ), 3. ട്രസ്റ്റി, 4. എം.സി.എ, 5. എം.സി.എം.എഫ്, 6. എം.സി.വൈ.എം., 7. എം.സി.സി.എൽ എന്നീ സംഘടനകളുടെ ഇടവക പ്രസിഡന്റുമാർ). പ്രദക്ഷിണം നമസ്കാര മേശയുടെ മുമ്പിലെത്തികഴിയുമ്പോൾ നമസ്കാരമേശയിൽ ക്രമീകരിച്ചിരിക്കുന്ന 7 തിരിക്കാലുകളുടെ പിന്നിലായി ഈ സ്ലീബാ പ്രതിഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. കുരിശ് പ്രതിഷ്ഠിച്ചു കഴിയുമ്പോൾ പ്രധാന തിരി കത്തിക്കുന്നതിനായി സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ വഹിച്ചിരിക്കുന്ന തിരി വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്. തുടർന്ന് വികാരിയച്ചനും മറ്റ് 6 പേരും തിരികൾ കത്തിക്കുന്നു. തുടർന്ന് വിശുദ്ധ ലിഖിതത്തിൽ നിന്നും യോഹന്നാന്റെ സുവിശേഷം നാലാം അധ്യായം 19 മുതൽ 26 വരെ വായിക്കുകയും ആരാധനക്രമ വർഷ പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. അതിനുശേഷം ആരാധനക്രമ വർഷത്തെക്കുറിച്ച് ലഘുവായ സന്ദേശം നൽകുകയും വി. കുർബാനയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. വി. കുർബാനയ്ക്കുശേഷം ഉറാറ കൊണ്ട് അലങ്കരിച്ച കുരിശ് വചനവർഷത്തിൽ ബൈബിൾ പ്രതിഷ്ഠിച്ചതുപോലെ പ്രത്യേക സ്ഥലത്ത് പ്രതിഷ്ഠിച്ച് ഏഴുതിരികൾ വയ്ക്കാവുന്നതാണ്.

1. എല്ലാ ഇടവകകളിലും ആരാധനക്രമവർഷത്തിലെ ഒരു ഞായറാഴ്ച (രാവിലെ മുതൽ ഉച്ചവരെയുള്ള സമയം/ഉച്ച മുതൽ സന്ധ്യവരെയുള്ള സമയം) വിശുദ്ധ കുമ്പസാരത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസും തുടർന്ന് വി. കുർബാന എഴുന്നള്ളിച്ചുവെച്ച് കുമ്പസാരത്തിനുള്ള പൊതു ഒരുക്കമായ അനുതാപ ശുശ്രൂഷയും തുടർന്ന് കുമ്പസാരവും വിശുദ്ധ കുർബാനയും ക്രമീകരിക്കുന്നു.
2. എല്ലാ ഇടവകകളിലും ഒരു ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു മുമ്പായിട്ട് ഒരു മണിക്കൂർ വി. കുർബാനയെക്കുറിച്ചുള്ള ക്ലാസ്സും തുടർന്ന് വിശുദ്ധ കുർബാനയും നടത്തേണ്ടതാണ്.

www.malankaralibrary.com

3. എല്ലാ ഇടവകയിലും വർഷത്തിലെ ഒരു ഞായറാഴ്ച മാമ്മോദീസാ പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. വി. കുർബാന യിലെ പ്രസംഗം മാമ്മോദീസായെക്കുറിച്ചായിരിക്കുകയും എല്ലാ വിശ്വാസികളും മാമ്മോദീസായിൽ സംബന്ധിക്കുകയും വേണം.
4. എല്ലാ ഇടവകയിലും വർഷത്തിലെ ഒരു ഞായറാഴ്ച രോഗീലേ പനം പൊതുവിൽ ആഘോഷമായി നടത്തേണ്ടതാണ്. ഇടവകയിലെ എല്ലാ രോഗികളെയും ഇതിനായി ക്ഷണിക്കാവുന്നതാണ്.
5. എം.സി.വൈ.എം, എം.സി.എ, എം.സി.എം.എഫ്, എം.സി.സി.എൽ എന്നീ സംഘടനയിലെ അംഗങ്ങൾക്ക് പ്രത്യേകമായും ഇടവക സമൂഹത്തിന് പൊതുവായും ആരാധനാക്രമപരമായ വിഷയങ്ങളിൽ ഇടവക തലത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.
6. എല്ലാ ഇടവകകളിലും വിശ്വാസികളോടു ചേർന്ന് ശനിയാഴ്ച വൈകിട്ട് സന്ധ്യാപ്രാർത്ഥന ആഘോഷമായി നടത്തേണ്ടതാണ്.

## 5. ആരാധനാക്രമ വർഷ ഉദ്ഘാടനം

1. 20 സെപ്റ്റംബർ 2025 ശനിയാഴ്ച പത്തനംതിട്ട ഭദ്രാസനത്തിൽ അടൂർ വച്ച് പുനരൈക്യ വാർഷികവേദിയിൽ ആരാധനാക്രമ വർഷം ഉത്ഘാടനം ചെയ്യപ്പെടുന്നു.
2. 28 സെപ്റ്റംബർ 2025 ഞായറാഴ്ച എല്ലാ ഇടവകകളിലും ആരാധനാ ക്രമവർഷം ഉത്ഘാടനം ചെയ്യപ്പെടുന്നു.
3. എല്ലാ ഭദ്രാസനങ്ങളിലും ആരാധനാക്രമവർഷ സമാപനം സൗകര്യ പ്രദമായ വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 6. വൈദികർക്കും സന്യസ്തർക്കും സെമിനാരി വിദ്യാർത്ഥികൾക്കും പരിശീലനം

മലങ്കര സഭയിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും സെമി നാരി വിദ്യാർത്ഥികൾക്കും ആരാധനാക്രമ വർഷവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

## 7. ഓൺലൈൻ പരിശീലനം

50 എപ്പിസോഡുകളിലായി ആരാധനക്രമ പഠനപരമ്പര മലങ്കര കാത്തലിക് ടിവിയിലൂടെ നടത്തപ്പെടുന്നതാണ്. ഇടവകകളിൽ വച്ച് പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

www.malankaralibrary.com

## 8. പ്രായോഗിക നിർദ്ദേശങ്ങൾ

1. എല്ലാ ഭദ്രാസനങ്ങളിലും ആരാധനാക്രമവർഷത്തിന് ഭദ്രാസന ഡയറക്ടറെ നിയമിക്കുക.
2. എല്ലാ വൈദികജില്ലകളിലും നേതൃത്വം നൽകുന്നതിനായി ജില്ലാ ഡയറക്ടർമാരെ നിയമിക്കുക.
3. ആരാധനാക്രമവർഷം 20 സെപ്റ്റംബർ 2025 മുതൽ 19 സെപ്റ്റംബർ 2026 വരെ ആയതിനാൽ ഈ കാലഘട്ടത്തിൽ ഉത്തരവാദിത്വത്തി ലായിരിക്കുന്ന ഭദ്രാസന-ജില്ലാതല ഡയറക്ടർമാരെ തത്സ്ഥാനത്തു നിന്നും ജില്ലയിൽ നിന്നും മാറ്റാതിരിക്കുന്നതാണ് ഉചിതം.
4. എല്ലാ വൈദിക ജില്ലകളിലും നിന്നും ഒരു സന്യാസിനിയെയും ഒരു അത്മായ പ്രതിനിധിയെയും തെരഞ്ഞെടുക്കുക.
5. ആരാധനക്രമ വർഷത്തിന്റെ ലോഗോ ക്രമീകരിക്കുക. എല്ലാ ഇടവക കളിലും ആരാധനക്രമ വർഷത്തിന്റെ ലോഗോ ഉൾക്കൊള്ളുന്ന ബാനർ പള്ളിക്കുള്ളിൽ കെസ്ത്രൂമായിൽ സ്ഥാപിക്കുക.
6. ആരാധനക്രമ വർഷത്തിന്റെ ആന്തം എഴുതി ട്യൂൺ ചെയ്യുക.
7. ആരാധനക്രമ വർഷ പഠനത്തിനായി വിവിധ ലഘുലേഖകൾ തയ്യാ റാക്കുക.

വചനവർഷത്തിന്റെ തുടർച്ചയായ ആരാധനക്രമ വർഷത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ബഹുമാനപ്പെട്ട ഇടവക വികാരിമാരോ ടൊപ്പം എല്ലാ ഇടവക ജനങ്ങളും പങ്കുചേരുകയും ആരാധനക്രമവർഷം അനുഗ്രഹ പ്രദമാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്. കുടുംബാരാധന യായ യാമപ്രാർത്ഥനകളും, നോമ്പ്, വർജന, ഉപവാസങ്ങളും കൂടുതൽ ബോധ്യത്തോടും ഉണർവോടും കൂടി ഈ ആരാധനക്രമവർഷം നിർവ്വ ഹിക്കേണ്ടതാണ്. പുനരൈക്യശതാബ്ദിയ്ക്ക് ഒരുക്കമായുള്ള സ്വയം വിശുദ്ധീകരണത്തിന്റെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ഭാഗമായ ഈ പരിശീലന പദ്ധതി വചനവർഷത്തിന്റെ തുടർച്ചയാണ്. ഈ പരി ശീലനം ഏറ്റവും ദൈവാനുഭവമുള്ളതാകുവാൻ ഏവർക്കും പ്രാർഥനാ പൂർവ്വം ഒരുങ്ങാം. സഭയുടെ ആരാധനക്രമത്തിലൂടെ ദൈവാരാധന കൂടുതൽ സജീവമാക്കുവാനും ദൈവാനുഭവത്തിൽ വളരുവാനും ഈ പഠനസഹായിയും കർമ്മപദ്ധതിയും സഭാമക്കൾക്കേവർക്കും സഹാ യമാകട്ടെ.

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## PREPARATION FOR REUNION CENTENARY

## 2030

# THE YEAR OF LITURGY

**20 September 2025 – 19 September 2026**

ܢܣܓܕܘܢ ܠܐܒܐ ܒܪܘܚܐ ܘܒܫܪܪܐ

**"WORSHIP THE FATHER IN SPIRIT AND TRUTH"**

**(Jn. 4:23)**

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM
TRIVANDRUM 695004, KERALA, INDIA

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പുനരൈക്യ ശതാബ്ദി ആഘോഷം

## 2030

# ആരാധനക്രമ വർഷം

2025 സെപ്റ്റംബർ 20 - 2026 സെപ്റ്റംബർ 19

ܣܓܘܕܘ ܠܐܒܐ ܒܪܘܚܐ ܘܒܫܪܪܐ

"ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക" (യോഹ. 4:23)

തിരുവനന്തപുരം മേജർ അതിഭദ്രാസനം

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM
TRIVANDRUM 695004, KERALA, INDIA